ജനുവരി 2020


വില: ₹ 15

# കേരളപവർ

കേരള ഇലക്ട്രിസിറ്റിവർക്കേഴ്സ് ഫെഡറേഷൻ മുഖമാസിക

കേരളപവർ

വൈദ്യുതി
തൊഴിലാളികളുടെ ശബ്ദമായി
50-ാം വർഷത്തിലേക്ക്




## ഇന്ത്യൻ ഭരണഘടനയുടെ ആമുഖം

നമ്മൾ, ഭാരതത്തിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന ഭ്രാതൃഭാവം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

# നമുക്ക് ഭരണഘടനയുടെ കാവലാളാകാം



ദേശീയ പണിമുടക്ക് - സംയുക്ത ട്രേഡ് യൂണിയൻ സമിതി തെക്കൻമേഖലാ ജാഥ സമാപനയോഗം
തിരുവനന്തപുരത്ത് സ: അമർജിത് കൗർ ഉദ്ഘാടനം ചെയ്യുന്നു.



വൈദ്യുതി അദാലത്ത് 2020: ബഹു. വൈദ്യുതി മന്ത്രി സംഘടനകളുമായി നടത്തിയ കൂടിയാലോചന.






## എം. ശശിധരൻ പിള്ള അനുസ്മരണം

കരിക്കോട് ചപ്പേത്തടം ജംഗ്ഷനിൽ നടന്ന
അനുസ്മരണ യോഗത്തിൽ
സ: എം.പി. ഗോപകുമാർ സംസാരിക്കുന്നു.

# കേരളപവർ

കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ പ്രസിദ്ധീകരണം

പുസ്തകം : 50
ലക്കം : 5


## ആനുകാലികം

ഗവർണർമാരെ ഉപയോഗിച്ച് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നിയമസഭ പാസാക്കിയ പ്രമേയങ്ങളെ തന്നെ വെല്ലുവിളിക്കാൻ ഇന്നു നടക്കുന്ന പരിശ്രമങ്ങൾ എതിർത്തു തോൽപിച്ചേ മതിയാകൂ. ഇന്ന് നമ്മൾ നിശബ്ദരായാൽ നാളെ നമ്മുടെ അവകാശങ്ങൾ ഓരോന്നായി കവർന്നെടുത്തേക്കാം.




**8** ഭരണഘടനാ സംരക്ഷണത്തിന് ഒരുമിച്ച് മുന്നേറാം
കാനം രാജേന്ദ്രൻ


## റിപ്പോർട്ട്




**10** ജനുവരി 8 പൊതു പണിമുടക്ക് കേരളത്തിൽ സമ്പൂർണ്ണം
കെ പി രാജേന്ദ്രൻ






മുഖപ്രസംഗം
**4** ജനുവരി 8 പണിമുടക്ക് വൈദ്യുതി മേഖലയിലും വൻവിജയം
എ.എൻ.രാജൻ

**6** ജനറൽ സെക്രട്ടറിയുടെ പേജ്
പെൻഷൻ പ്രായം ഇനിയെങ്കിലും വർദ്ധിപ്പിക്കണ്ടേ?
എം.പി.ഗോപകുമാർ


## ചരിത്രം


100 വയസ്സ് പിന്നിടുന്ന എ.ഐ.ടി.യു.സി
പി എസ് പ്രദീപ്
**13**


## അനുസ്മരണം




എം. ശശിധരൻ പിള്ള ഓർമ്മയായി
പി ബാലകൃഷ്ണ പിള്ള
**18**


## വിശകലനം




പെൻഷൻ ഫണ്ട് ചില ഓർമ്മപ്പെടുത്തലുകൾ
വി ജെ കുര്യാക്കോസ്
**23**


## വീക്ഷണം




ക്യാഷ്‌ലെസ്സോ കാഷ്യർ ലെസ്സോ?
സതീഷ് റ്റി
**26**


## ഭരണഭാഷ




**28** മാതൃഭാഷയോട് വൈദ്യുതി ബോർഡിന് ഇനിയും അയിത്തമോ?
ഷാംജാൻ എം


## വനിതാരംഗം





**30** 'പൊതു ഇടം എന്റേതും' ചരിത്രത്തിലിടം നേടി രാത്രിനടത്തം
സീതാലക്ഷ്മി പി എൻ

**32** തൊഴിൽ നിയമങ്ങളും സ്ത്രീ തൊഴിലാളികളും
ഹരിത എ എസ്

**35** കത്തുകൾ

**36** സ്വാഗതം
സച്ചു ദേവിദാസ്

## ജനുവരി 8 പണിമുടക്ക്

# വൈദ്യുതി മേഖലയിലും വൻവിജയം

ബി.ജെ.പി.ഗവണ്മന്റിന് ശക്തമായ താക്കീത് നൽകിയ ജനുവരി 8 ലെ ദേശീയ പണിമുടക്ക് രാജ്യത്തെ വൈദ്യുതി മേഖലയിലും വമ്പിച്ച വിജയമായി. മറ്റ് മേഖലകളിലെ തൊഴിലാളികളോടൊപ്പം 15 ലക്ഷം വൈദ്യുതി ജീവനക്കാരും പണിമുടക്കിയും ജോലിയിൽനിന്നു വിട്ടുനിന്നും ഐക്യദാർഢ്യ പ്രകടനങ്ങൾ നടത്തിയും ദേശീയ പണിമുടക്ക് വൈദ്യുതിരംഗത്തും ചരിത്രസംഭവമാക്കി. തൊഴിലാളികളോടൊപ്പം ചേർന്ന് കർഷകരും കർഷകതൊഴിലാളികളും ഗ്രാമീണബന്ദ് പ്രഖ്യാപിക്കുകയും പണിമുടക്ക് വിജയിപ്പിക്കാൻ വിദ്യാർത്ഥികളും യുവാക്കളും രംഗത്തിറങ്ങുകയും ചെയ്തതോടെ തൊഴിലാളി കർഷക ബഹുജന ഐക്യസമരമായി പണിമുടക്കു മാറി. അസം, മണിപ്പൂർ, കേരള, ഒഡീഷ, മഹാരാഷ്ട്ര, തമിൾനാട്, പോണ്ടിച്ചേരി, ഗോവ, ബീഹാർ, ജാർഖണ്ഡ്, മേഘാലയ, തെലുങ്കാന, ഹരിയാന, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ വൈദ്യുതി മേഖലയടക്കം പണിമുടക്ക് സമ്പൂർണ്ണമായിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ വ്യവസായ മേഖലകളിലും ബാങ്ക്, ഇൻഷൂറൻസ്, വൈദ്യുതി, ഓയിൽ മാർക്കറ്റിംഗ്, റിഫൈനറീസ്, പ്രതിരോധ വ്യവസായ ഉല്പാദന യൂണിറ്റുകൾ, റെയിൽവേ ഉല്പാദനമേഖല, കൽക്കരി തുടങ്ങിയ ഇടങ്ങളിൽ പണിമുടക്ക് പൂർണ്ണമായിരുന്നു. എല്ലാ സംസ്ഥാനങ്ങളിലും ഗ്രാമീണ ബന്ദ് ഗ്രാമങ്ങളെ നിശ്ചലമാക്കി. നഗരങ്ങളിലും കടകമ്പോളങ്ങൾ അടഞ്ഞതോടെ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു.

വൈദ്യുതിരംഗത്ത് എൻജിനീയർമാരും ജീവനക്കാരും തൊഴിലാളികളും പൂർണ്ണമായിത്തന്നെ പണിമുടക്കുമായി സഹകരിച്ചു. തമിഴ്നാട്, അസം, ഒഡീഷ, പശ്ചിമബംഗാൾ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ധർണ്ണ നടത്തുകയും ജാഥ നടത്തുകയും ചെയ്ത തൊഴിലാളികളെ പോലീസ് അറസ്റ്റു ചെയ്തു. വൈദ്യുതി സ്വകാര്യവത്ക്കരണത്തിനും ഫ്രാഞ്ചൈസിവത്കരണത്തിനും ശ്രമിക്കുന്ന മോദി-അമിത്ഷാ നയങ്ങൾക്കെതിരായ ശക്തമായ താക്കീതായി വൈദ്യുതി മേഖലയിൽ



*രാജ്യത്തിന്റെ സമ്പദ്ഘടനയെ ഐ.സി.യു.വിലാക്കിയ മോദി സർക്കാർ ജനവിരുദ്ധ തൊഴിലാളിവിരുദ്ധ നയങ്ങൾ തിരുത്തുവാൻ തയ്യാറായില്ലെങ്കിൽ ശക്തമായ സമരങ്ങൾ തുടർച്ചയായി ഉണ്ടാകുമെന്ന മുന്നറിയിപ്പ് പണിമുടക്കിലൂടെ നൽകിക്കഴിഞ്ഞു.*

പണിമുടക്ക് ശ്രദ്ധിക്കപ്പെട്ടു.

രാജ്യത്തിന്റെ സമ്പദ്ഘടനയെ ഐ.സി.യു.വിലാക്കിയ മോദി സർക്കാർ ജനവിരുദ്ധ തൊഴിലാളിവിരുദ്ധ നയങ്ങൾ തിരുത്തുവാൻ തയ്യാറായില്ലെങ്കിൽ ശക്തമായ സമരങ്ങൾ തുടർച്ചയായി ഉണ്ടാകുമെന്ന മുന്നറിയിപ്പ് പണിമുടക്കിലൂടെ നൽകിക്കഴിഞ്ഞു. സർക്കാരിന്റെ കയ്യിൽ പണമില്ലാത്തതുകൊണ്ട് പൊതുമേഖല സ്ഥാപനങ്ങൾ കൂട്ടത്തോടെ വിറ്റഴിച്ച് പണം കണ്ടെത്താനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ഇത് ശരിയായ ചികിത്സയല്ല. ഈ ചികിത്സകൊണ്ട് രോഗം മൂർച്ഛിക്കുകയും സമ്പദ്ഘടന ഐ.സി.യു.വിൽ കിടന്ന് തകരുകയും രാജ്യം അപകടത്തിലാകുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. ഉടനെത്തന്നെ ചികിത്സാരീതി മാറ്റി സമ്പദ്ഘടനയെ ഐ.സി.യു.വിൽനിന്ന് രക്ഷപ്പെടുത്തി രാജ്യം പ്രതിസന്ധി തരണം ചെയ്യണം.

സാമ്പത്തിക മാന്ദ്യത്തിന് പരിഹാരമായി കേന്ദ്രധനകാര്യ വകുപ്പ് മന്ത്രി അഞ്ച് പാക്കേജുകൾ പ്രഖ്യാപിച്ചു. അതെല്ലാം കോർപ്പറേറ്റുകൾക്ക് നേട്ടമുണ്ടാക്കുന്ന വിധത്തിലുള്ളതാണ്. കോർപ്പറേറ്റുകൾക്ക് രണ്ടു ഘട്ടങ്ങളിലായി 2.15 ലക്ഷം കോടി രൂപയുടെ നികുതിയിളവാണ് 2019-20 വർഷത്തേക്ക് നൽകിയത്. വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കാനെന്ന പേരിലാണ് ഈ നടപടി. വ്യവസായങ്ങൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വാങ്ങാൻ ജനങ്ങളുടെ കയ്യിൽ പണമില്ലെങ്കിൽ പ്രതിസന്ധി എങ്ങിനെ തീരും? തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനോ കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനോ ഒരു നടപടിയും സർക്കാർ കൈക്കൊള്ളുന്നില്ല. സർക്കാർ കോർപ്പറേറ്റുകൾക്ക് ഇളവ് നൽകിയ പണം പൊതുമേഖലയ്ക്ക് നൽകി പശ്ചാത്തല വികസന പദ്ധതികളിൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമായിരുന്നു. മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുകയും അവരുടെ വേതനം അല്പം വർദ്ധിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ ആ പണവും കമ്പോളത്തിലെത്തുമായിരുന്നു. കമ്പോളമാന്ദ്യം പരിഹരിക്കാനുള്ള പോംവഴി ഇതുമാത്രമാണ്. അതൊന്നും ചെയ്യാതെ കോർപ്പറേറ്റുകളുടെ കീശ വീർപ്പിക്കുന്ന നടപടികൾകൊണ്ട് സമ്പദ്ഘടനയെ ഐ.സി.യു.വിൽനിന്ന് കരകയറ്റാൻ സാധിക്കില്ല. ദേശീയ പണിമുടക്കിൽ തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിച്ചു നടപ്പാക്കുക മാത്രമാണ് സാമ്പത്തികമാന്ദ്യം പരിഹരിക്കാനുള്ള ഏകമാർഗ്ഗമെന്ന് കേന്ദ്രഗവർമെന്റിനെ വീണ്ടും ഓർമ്മിപ്പിക്കുന്നു.■

**ചീഫ് എഡിറ്റർ**
എ എൻ രാജൻ

**എഡിറ്റർ, പ്രിന്റർ & പബ്ളിഷർ**
എം പി ഗോപകുമാർ

**എക്സിക്യൂട്ടീവ് എഡിറ്റർ**
പി എസ് പ്രദീപ്

**അസോസിയേറ്റ് എഡിറ്റർ**
ടി സതീഷ്

**എഡിറ്റോറിയൽ ബോർഡ്**
പി ജയിംസ് റാഫേൽ
കെ ആർ മോഹൻദാസ്
ബി എച്ച് അനി
വി ജെ കുര്യാക്കോസ്
ജേക്കബ് വി ലാസർ
കവിതാ രാജൻ
അജിത് പോൾ ലോറൽ

**ജോയിന്റ് എഡിറ്റേഴ്സ്**
റ്റി ഷാജികുമാർ
എം ജെ പ്രദീപ് കുമാർ

**മാനേജിംഗ് കമ്മിറ്റി**
എസ് വിനോദ്
എസ് വി ബിജു
ഡോ. വി പി ജയിൻ
ഡി വിജയകുമാരൻ

**കവർ ഡിസൈൻ & ലേഔട്ട്**
രതീഷ് കുമാർ ആർ

**ടൈപ്പ്സെറ്റിംഗ്**
എസ് ഷാജു
വിജിൻ യേശുദാസ് ജെ എസ്

**ഓഫീസ്**
കേരള പവർ
ജെ. ചിത്തരഞ്ജൻ
സ്മാരകം, തൈക്കാട്,
തിരുവനന്തപുരം–695 014
ഫോൺ : 0471 2329221
ഫാക്സ് : 0471 2332993
email :
keralapowermonthly@gmail.com
Web: www.ksebkewf.org

**വാർഷിക വരിസംഖ്യ**
**150 രൂപ**



# പെൻഷൻ പ്രായം ഇനിയെങ്കിലും വർദ്ധിപ്പിക്കണ്ടേ?

വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ വിരമിക്കൽ പ്രായപരിധി യുക്തിസഹമായി ഉയർത്തണമെന്ന ആവശ്യം വർക്കേഴ്സ് ഫെഡറേഷൻ സജീവമായി ഉന്നയിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. പ്രസ്തുത ആവശ്യം മുൻ നിർത്തി ഒട്ടനവധി പ്രക്ഷോഭങ്ങൾക്ക് ഈ സംഘടന നേതൃത്വം നൽകിയിട്ടുമുണ്ട്. സമരങ്ങളുടെ ആരംഭഘട്ടങ്ങളിൽ അപ്രായോഗിക നിർദ്ദേശം എന്ന രീതിയിൽ തൊഴിലാളികളുടെ ഈ ജീവൽ വിഷയത്തെ എഴുതി തള്ളിയവർ പോലും ഇപ്പോൾ പതിയെ സ്വരം മാറ്റിത്തുടങ്ങിയിരിക്കുന്നത് ശുഭോദർക്കമാണ്.

കേരളത്തിൽ പെൻഷൻ പ്രായ വർദ്ധനവ് വീണ്ടും സജീവ ചർച്ചാ വിഷയമായി ഉയർന്നു വന്നിരിക്കുകയാണ്. സംസ്ഥാന ബജറ്റിന് മുന്നോടിയായി ധനകാര്യ മന്ത്രി സ: തോമസ് ഐസക് തൊഴിലാളി സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയിൽ സംസ്ഥാന പൊതു മേഖലാ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരിക്കണമെന്നും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കണമെന്നും എ.ഐ.റ്റി.യു.സി ആവശ്യപ്പെടുകയുണ്ടായി. ഈ രണ്ട് സുപ്രധാന വിഷയങ്ങളിൻമേലും അനുകൂല പ്രതികരണമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് നിന്നും ഉണ്ടായത്. ഇത് സംബന്ധിച്ച ചർച്ചയിൽ കേരളത്തിലും പെൻഷൻ പ്രായം 60 ആക്കി ഏകീകരിക്കണമെന്ന അഭിപ്രായ സമവായത്തിലാണ് പങ്കെടുത്ത എല്ലാ സംഘടനാ പ്രതിനിധികളും എത്തിച്ചേർന്നത്.

വരുന്ന അഞ്ച് വർഷത്തിനകം വൈദ്യുതി ബോർഡിലെ നിലവിലെ മാനവ വിഭവ ശേഷിയുടെ മൂന്നിലൊന്ന് ആളുകൾ പെൻഷൻ പറ്റി പിരിയും. ഈ പതിറ്റാണ്ടിന്റെ ഓരോ വർഷത്തിലും ശരാശരി രണ്ടായിരത്തോളം ജീവനക്കാർ ഈ സ്ഥാപനത്തിന്റെ പടിയിറങ്ങിപ്പോകുമെന്ന യാഥാർത്ഥ്യം കൂടി ഉൾക്കൊണ്ടു വേണം സ്ഥാപനത്തിന്റെ ഭാവിയിൽ താത്പര്യമുള്ള ഓരോരുത്തരും ഈ ഗൗരവ വിഷയത്തെ നോക്കിക്കാണേണ്ടത്.

ഇത്രയും കനത്ത തോതിലുള്ള മാനവ വിഭവശേഷി ശോഷണത്തെ ഒരു സാങ്കേതിക വിദ്യ കൊണ്ടും മറ്റ് തട്ടിക്കൂട്ട് സമ്പ്രദായങ്ങൾ കൊണ്ടും മറികടക്കാനാവില്ലായെന്നതാണ് പച്ച പരമാർത്ഥം. കാലാകാലങ്ങളിൽ റിട്ടയർമെന്റിന് ആനുപാതികമായി നിയമനങ്ങൾ നടത്തിയിട്ടില്ലായെന്നത് സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കിത്തീർത്തിരിക്കുകയാണ്. ഈ വിഷമസന്ധി മറി കടക്കാൻ പെൻഷൻ പ്രായ വർദ്ധനവിലൂടെ ജീവനക്കാരുടെ കൊഴിഞ്ഞു പോക്കിന് തടയിടുകയും അതേ സമയം നിലവിലെ ഒഴിവുകൾ നികത്തി പുതിയ ജീവനക്കാരെ അനുഭവജ്ഞാനമുള്ളവരുടെ

"



*വൈദ്യുതി ബോർഡിൽ 2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച എണ്ണായിരത്തോളം ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്. ഇതോടൊപ്പം കേരളത്തിലെ ബഹുഭൂരിപക്ഷം പൊതു മേഖലാ സ്ഥാപനങ്ങളിലും പെൻഷൻ പ്രായം 58 ആണെന്നതും കാണാതെ പോകരുത്.*

| വർഷം | വിരമിക്കുന്നവർ |
|---|---|
| 2020 | 1340 |
| 2021 | 1443 |
| 2022 | 1612 |
| 2023 | 1629 |
| 2024 | 1880 |
| 2025 | 1817 |
| 2026 | 1813 |
| 2027 | 1762 |
| 2028 | 1710 |
| 2029 | 1501 |

മേൽനോട്ടത്തിൽ പരിശീലിപ്പിച്ച് പ്രാപ്തരാക്കുകയാണ് വേണ്ടത്.

വൈദ്യുതി ബോർഡ് ചില താത്ക്കാലിക സാമ്പത്തിക ഞെരുക്കങ്ങളിൽപ്പെട്ട് അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് പോലും പണമില്ലാതെ നട്ടം തിരിയുന്ന വർത്തമാനകാല അവസ്ഥയ്ക്ക് പെൻഷൻ പ്രായം ഉയർത്തൽ ഒരു സമാശ്വാസമാവുമെന്ന കാര്യത്തിൽ സംശയമില്ല. മാത്രമല്ല, ദീർഘനാളത്തെ സേവനത്തിലൂടെ ആർജ്ജിച്ചെടുത്ത അനുഭവ പരിജ്ഞാനമുള്ള കർമ്മശേഷി അവരുടെ കർമ്മോത്സുകത സജീവമായി നിലനിൽക്കുമ്പോൾ തന്നെ വേണ്ടെന്ന് വയ്ക്കുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്.

ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലെ വൈദ്യുത സ്ഥാപനങ്ങളിൽ ഒരിടത്തും ഇത്രയും കുറഞ്ഞ പെൻഷൻ പ്രായം നിലവിലില്ല. 58, 60, 62 എന്നിങ്ങനെയാണ് മറ്റ് സംസ്ഥാനങ്ങളിലെ വൈദ്യുതി ജീവനക്കാരുടെ വിരമിക്കൽ പ്രായം. വൈദ്യുതി തൊഴിലാളികളുടെ ദേശീയ സംഘടനയായ ആൾ ഇൻഡ്യാ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആവശ്യപ്പെടുന്നത് രാജ്യവ്യാപകമായി പെൻഷൻ പ്രായം 60 ആയി ഏകീകരിക്കണമെന്നാണ്.

ശരാശരി ആയുർ ദൈർഘ്യം മാനദണ്ഡമാക്കിയാണ് ഏത് മേഖലയിലായാലും പെൻഷൻ പ്രായം നിശ്ചയിച്ചുപോരുന്നത്. ആയുർദൈർഘ്യം വർദ്ധിക്കുന്നതിനനുസരിച്ച് ജോലി ചെയ്യാൻ കഴിയുന്ന കാലയളവ് സ്വാഭാവികമായി വർദ്ധിക്കും. കൂടാതെ സർവ്വീസിലെ അനുഭവജ്ഞാനം പ്രയോജനപ്പെടുത്താനും വിരമിക്കലിനുശേഷം ദീർഘകാലം പെൻഷൻ നൽകുന്നത് ഒഴിവാക്കുവാനും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിലൂടെ സാധിക്കും.

പെൻഷൻപ്രായം ഉയർത്തണമെന്ന ആവശ്യം യുക്തിസഹമല്ലാത്ത വാദങ്ങളിൽ മുങ്ങിതാഴുമ്പോഴും പല മേഖലകളിലും ഇതിനോടകം പെൻഷൻ പ്രായം വർദ്ധിപ്പിച്ചുകഴിഞ്ഞ കാര്യം ആരുടെയും ശ്രദ്ധയിൽ പതിയാതെ പോവുകയാണ്. വൈദ്യുതി ബോർഡിൽ 2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച എണ്ണായിരത്തോളം ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്. ഇതോടൊപ്പം കേരളത്തിലെ ബഹു ഭൂരിപക്ഷം പൊതു മേഖലാ സ്ഥാപനങ്ങളിലും പെൻഷൻ പ്രായം 58 ആണെന്നതും കാണാതെ പോകരുത്. കേന്ദ്ര സർക്കാർ ജീവനക്കാരുടെയും കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാരുടേയും പെൻഷൻ പ്രായം 60 ആണ്. ബാങ്ക്, എൽ.ഐ.സി തുടങ്ങിയ സ്ഥാപനങ്ങളിലും ഇത് തന്നെയാണ് അവസ്ഥ. കേരളത്തിൽ തന്നെ കോളേജ് അധ്യാപകരുടെ പെൻഷൻ പ്രായം 60 ഉം ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 62 ഉം പല പൊതുമേഖലാ സ്ഥാപനങ്ങളിലും പെൻഷൻപ്രായം 58 ഉം ആണ്. ഗണ്യവിഭാഗം ജീവനക്കാരുടേയും പെൻഷൻ പ്രായം 60 ഉം അതിനുമേലുമായി നിശ്ചയിച്ച് കഴിഞ്ഞിട്ടും ഇനിയും ഇക്കാര്യത്തിൽ ഇവിടെ അമാന്തം തുടരുന്നത് കരണീയമല്ലതന്നെ. ഇന്ന് 60 വയസ്സെന്നത് വളരെ ചുറുചുറുക്കുള്ള പ്രായമാണ്. കൂടാതെ പെൻഷൻ പ്രായം 56 ആയി നിലനിർത്തുമ്പോൾ ഏറ്റവും കുറഞ്ഞത് 20 വർഷം പെൻഷൻ കൊടുക്കേണ്ട ഭാരിച്ച ഉത്തരവാദിത്തവും ഏറ്റെടുക്കേണ്ടിവരുന്നുവെന്നതും വസ്തുതയാണ്.

വൈദ്യുതി ബോർഡിന്റെ കമ്പനി വത്ക്കരണ വക്താക്കൾ പ്രചരിപ്പിച്ചത് കമ്പനിയായാൽ പെൻഷൻ പ്രായം 58 ആകും എന്നാണ്. എന്നാൽ കമ്പനി അനുകൂലികളും അധികാരികളും നാളിതുവരെയും ഈ വിഷയത്തിൽ മൗനം തുടരുകയാണ്. കേന്ദ്ര സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം, കേരളത്തിലെ ആയുർദൈർഘ്യം എന്നിവ പരിഗണിച്ചാൽ വൈദ്യുതി ബോർഡിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിൽ യാതൊരുവിധ അതിശയോക്തിയും കാണേണ്ടതില്ല.

ഒരേ സ്ഥാപനത്തിൽ തന്നെ ജീവനക്കാർക്ക് വ്യത്യസ്തങ്ങളായ വിരമിക്കൽ പ്രായം സൃഷ്ടിക്കുന്ന അസന്തുലിതാവസ്ഥ വർഷാവർഷം കൂടിക്കൂടി വരികയാണ്. ആസന്ന ഭാവിയിൽ തന്നെ ഈ പ്രശ്നം ഗുരുതര സ്വഭാവം കൈക്കൊണ്ട് ഇവിടെ നിലനിൽക്കുന്ന തൊഴിൽ സമാധാന അന്തരീക്ഷത്തെ തന്നെ കലുഷിതമാക്കുമെന്ന് ന്യായമായും ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ഉരുണ്ടു കൂടുന്ന ആപത് സാഹചര്യത്തെ മറികടക്കാൻ പെൻഷൻ പ്രായ ഏകീകരണമല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നും തന്നെയില്ല.

കെ.എസ്.ഇ.ബി യിൽ പെൻഷൻ പ്രായ വർദ്ധനവ് നടപ്പിലാക്കണമെന്ന സുപ്രധാന ആവശ്യം മുൻനിർത്തി ഇവിടെ പണിയെടുക്കുന്ന എല്ലാവരും കൈകോർക്കണം, ശബ്ദമുയർത്തണം, സമരരംഗത്ത് സജീവമാകണം. വർക്കേഴ്സ് ഫെഡറേഷൻ എന്നും തൊഴിലാളികൾക്കൊപ്പം.■

**വൈദ്യുതി ബോർഡിന്റെ കമ്പനി വത്ക്കരണ വക്താക്കൾ പ്രചരിപ്പിച്ചത് കമ്പനിയായാൽ പെൻഷൻ പ്രായം 58 ആകും എന്നാണ്. എന്നാൽ കമ്പനി അനുകൂലികളും അധികാരികളും നാളിതുവരെയും ഈ വിഷയത്തിൽ മൗനം തുടരുകയാണ്.**





*ഗവർണർമാരെ ഉപയോഗിച്ച് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നിയമസഭ പാസാക്കിയ പ്രമേയങ്ങളെ തന്നെ വെല്ലുവിളിക്കാൻ ഇന്നു നടക്കുന്ന പരിശ്രമങ്ങൾ എതിർത്തു തോൽപ്പിച്ചേ മതിയാകൂ. ഇന്ന് നമ്മൾ നിശബ്ദരായാൽ നാളെ നമ്മുടെ അവകാശങ്ങൾ ഓരോന്നായി കവർന്നെടുത്തേക്കാം.*

# ഭരണഘടനാ സംരക്ഷണത്തിന് ഒരുമിച്ച് മുന്നേറാം



നമ്മുടെ ഭരണഘടനയുടെ തത്വങ്ങളും മൂല്യങ്ങളും ലംഘിക്കപ്പെടുന്ന ഒരവസരത്തിലാണ് ഇക്കൊല്ലത്തെ റിപ്പബ്ലിക് ദിനം ആചരിക്കുന്നത്. ഭരണഘടനയുടെ പീഠിക വായിച്ച് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരും ജനാധിപത്യ വിശ്വാസികളും ഇന്ന് ഭരണഘടനാ സംരക്ഷണ പ്രതിജ്ഞ പുതുക്കും. കേരളത്തിൽ ലക്ഷക്കണക്കായ ബഹുജനങ്ങൾ ദേശീയ വീഥിയിൽ അണിനിരന്ന് ഭരണഘടനാ സംരക്ഷണ പ്രതിജ്ഞയെടുക്കും. പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കാൻ അനുവദിക്കില്ലെന്ന പ്രതിജ്ഞ കൂടിയാകും ഇന്ന് കേരളത്തിൽ സൃഷ്ടിക്കുന്ന മനുഷ്യ മഹാശൃംഖല.

ഒരു രാജ്യത്തിന്റെ ഭരണഘടന ആ രാജ്യത്തിന്റെ രാഷ്ട്രീയമായ വളർച്ചയുടെ പരിണത ഫലമാണ്. അതിന്റെ വേര് പൂർവചരിത്ര സംഭവങ്ങളിലാണ് ഉറച്ചു നിൽക്കുന്നത്. നമ്മുടെ ഭരണഘടനയുടെ ആദർശങ്ങളിൽ മിക്കതും ഭാരതീയ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. എങ്കിലും അതിന്റെ ആരംഭവും വളർച്ചയും ഭാരതത്തിലെ ബ്രിട്ടീഷ് ഭരണവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. സംസ്കാരത്തിന്റെ കാര്യത്തിൽ ഭാരതം എല്ലാ കാലങ്ങളിലും ഏകീകൃത രാജ്യമായിരുന്നു. റിപ്പബ്ലിക് എന്ന വാക്ക് സങ്കുചിതമായ അർത്ഥത്തിൽ രാജവാഴ്ചയ്ക്ക് വിപരീതമായിട്ടാണ് ഉപയോഗിക്കുന്നത്. ജനങ്ങളിൽ നിന്ന് അധികാരം സ്വീകരിച്ച് അവരുടെ നന്മയ്ക്കായുള്ള ഒരു കാലഘട്ടത്തിലേക്ക് അധികാരത്തിലിരിക്കുന്ന പ്രതിനിധികൾ നിർവഹിക്കുന്ന ഭരണ രീതിയാണ് റിപ്പബ്ലിക്കൻ ഭരണം.

നമ്മുടെ ഭരണഘടനയുടെ പീഠികയിൽ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഉറപ്പു ചെയ്തിട്ടുണ്ട്. വ്യക്തിയുടെ സ്വതന്ത്രമായ പ്രവൃത്തിയും സമുദായത്തിന്റെ പൊതുതാല്പര്യങ്ങളും തമ്മിലുള്ള സമഞ്ജസമായ സമ്മേളനങ്ങളിലൂടെയേ അത് സാധ്യമാകൂ. സമുദായത്തിന്റെ പൊതു താല്പര്യങ്ങളെ സഹായിക്കത്തക്കവണ്ണം സ്വകാര്യ പ്രവർത്തനങ്ങൾ നടക്കുന്നിടത്തു മാത്രമേ നീതി ഉണ്ടായിരിക്കൂ. യഥാർത്ഥ ജനാധിപത്യ ഭരണത്തിൻ കീഴിൽ സമത്വം മാത്രമല്ല ശരിയായ നീതിയും ഉണ്ടായിരിക്കണം.

ചിന്ത, അഭിപ്രായം, വിശ്വാസം, മതം, ആരാധന എന്നിവയിലുള്ള സ്വാതന്ത്ര്യമാണ് ഭരണഘടനയുടെ പീഠികയിൽ പറയുന്ന സ്വാതന്ത്ര്യം. പഴയ കാലങ്ങളിൽ സ്വാതന്ത്ര്യം നിഷേധാർത്ഥകമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. ചിന്ത, വിശ്വാസം, മതം, ആരാധന തുടങ്ങിയവയിൽ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടത് വ്യക്തിയുടേയും രാഷ്ട്രത്തിന്റേയും വികസനത്തിന് ഒഴിച്ചുകൂടാനാവാത്തതാണെന്ന് നമ്മുടെ ഭരണഘടന വ്യക്തമാക്കുന്നു.

പദവിയിലും സന്ദർഭത്തിലുമുള്ള സമത്വത്തെക്കുറിച്ച് പീഠികയിൽ വ്യക്തമായി പറയുന്നുണ്ട്. നിയമം പൊതുവായ ഇച്ഛാശക്തിയുടെ പ്ര




**പദവിയിലും സന്ദർഭത്തിലുമുള്ള സമത്വത്തെക്കുറിച്ച് പീഠികയിൽ വ്യക്തമായി പറയുന്നുണ്ട്. നിയമം പൊതുവായ ഇച്ഛാശക്തിയുടെ പ്രകടനം മാത്രമാകുന്നു. രക്ഷിക്കാനും ശിക്ഷിക്കാനും. അതെല്ലാവർക്കും സമമായി ലഭിക്കണം.**

കടനം മാത്രമാകുന്നു. രക്ഷിക്കാനും ശിക്ഷിക്കാനും. അതെല്ലാവർക്കും സമമായി ലഭിക്കണം.

പീഠികയുടെ ഒടുവിൽ സാഹോദര്യത്തെക്കുറിച്ചാണ് പറയുന്നത്. വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും സുനിശ്ചിതമാക്കി എല്ലാപേരിലും സാഹോദര്യം പുലർത്തുന്നതായിരിക്കും എന്നാണ് പ്രസ്താവന. മനുഷ്യരെല്ലാവരും പിറക്കുന്നത് സ്വതന്ത്രരായും അന്തസിലും അവകാശത്തിലും സമത്വത്തോടു കൂടിയുമാണ്. അവർക്കെല്ലാം വിവേകവും മനസാക്ഷിയുമുണ്ട്. അവർ പരസ്പരം പെരുമാറുന്നത് സാഹോദര്യ മനോഭാവത്തോടു കൂടിയായിരിക്കണം.

ഭാരതത്തിലെ പൗരന്മാർ എല്ലാം സമന്മാരാണ്. ഉച്ചനീചത്വങ്ങൾ അനുഭവിക്കാത്തവരാണ്. എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഉറപ്പു വരുത്തുമെന്ന് ഭരണഘടനയുടെ പീഠികയിൽ പറയുന്നുണ്ട്. വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും സുനിശ്ചിതമാക്കി എല്ലാപേരിലും സാഹോദര്യം സിദ്ധിക്കാൻ ഭരണഘടന വിഭാവന ചെയ്യുന്നു. എന്നാൽ ഭരണഘടന വിഭാവനം ചെയ്യുന്ന മൗലിക തത്വങ്ങളെ പിച്ചിച്ചീന്തി എറിയാനും രാഷ്ട്രീയവൽക്കരിക്കാനുമാണ് കേന്ദ്ര ഭരണകൂടം ഇന്ന് ശ്രമിക്കുന്നത്. സമകാലിക ഭാരതം സങ്കീർണമായ പ്രതിസന്ധി നേരിടുന്ന ഇന്നത്തെ ഘട്ടത്തിൽ പൗരത്വ നിയമ ഭേദഗതിയിലൂടെ സംഘപരിവാർ ശക്തികൾ വെല്ലുവിളിച്ചിരിക്കുന്നത് ഇന്ത്യയെന്ന ആശയത്തെയും തുല്യതയിലും ബഹുസ്വരതയിലും അനുസ്യൂതമായ ഭരണഘടനാ മൂല്യങ്ങളേയുമാണ്. നമ്മുടെ സാമ്പത്തിക വ്യവസ്ഥ ചരിത്രത്തിലെ ഏറ്റവും നിരാശാജനകമായ ഒരവസ്ഥയിലൂടെ കടന്നുപോകുമ്പോൾ, കർഷക ആത്മഹത്യകളും, തൊഴിൽശാലകൾ അടച്ചുപൂട്ടലും നിത്യ സംഭവങ്ങളാകുമ്പോൾ, സാമ്പത്തിക രംഗത്തെ പരാജയങ്ങൾ പരിഹരിക്കുന്നതിനു പകരം ജനങ്ങളുടെ ശ്രദ്ധയെ തിരിച്ചുവിടാനുള്ള മാർഗമായിട്ടുകൂടിയാണ് പൗരത്വ ഭേദഗതി പ്രാബല്യത്തിൽ വരുത്തിയിരിക്കുന്നത്.

പൗരത്വഭേദഗതി നിയമം മുസ്‌ലിങ്ങളുടെ മാത്രം പ്രശ്നമല്ല. ഭരണഘടനയുടെ, അന്താരാഷ്ട്ര മര്യാദകളുടെ, മതേതരത്വത്തിന്റെ തിരസ്കാരമാണ്. നാളെ സംഘപരിവാർ ഇതേ ഭരണഘടനയിൽ നിന്ന് മതേതരത്വമെന്ന വാക്ക് എടുത്തു മാറ്റിയേക്കാം. ഗോൾവാൾക്കറും, സവർക്കറും ഹിന്ദു രാഷ്ട്രത്തിൽ മുസ്‌ലിങ്ങൾക്ക് സ്ഥാനമുണ്ടായിരിക്കില്ലെന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. ഭരണഘടനയുടെ ആണിക്കല്ലുകളെ ഇളക്കിമാറ്റാൻ തങ്ങളുടെ ഭൂരിപക്ഷം സമർത്ഥമായി ഉപയോഗപ്പെടുത്തി മോഡി ഭരണകൂടം ശ്രമിച്ചേക്കാം. നമ്മുടെ ഭരണഘടനയുടെ സംരക്ഷണത്തിന് ഒന്നിച്ചു നിന്നുള്ള എതിർപ്പ് കൂടിയേ തീരൂ. മതേതര ഇന്ത്യാക്കാരെ രാഷ്ട്രീയ കരുനീക്കത്തിനായി ഉപയോഗപ്പെടുത്തുവാനുള്ള ശ്രമമാണ് ഇന്ന് നടക്കുന്നത്. ഗവർണർമാരെ ഉപയോഗിച്ച് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നിയമസഭ പാസാക്കിയ പ്രമേയങ്ങളെ തന്നെ വെല്ലുവിളിക്കാൻ ഇന്നു നടക്കുന്ന പരിശ്രമങ്ങൾ എതിർത്തു തോൽപ്പിച്ചേ മതിയാകൂ. ഇന്ന് നമ്മൾ നിശബ്ദരായാൽ നാളെ നമ്മുടെ അവകാശങ്ങൾ ഓരോന്നായി കവർന്നെടുത്തേക്കാം. ഒടുവിൽ ഭരണഘടന തന്നെ മാറ്റി എഴുതിയേക്കാം. അത്തരം പ്രതിസന്ധികളിലേക്ക് പോകുന്നതിനു മുമ്പ് നമുക്ക് നമ്മുടെ സംവിധാനത്തെ, നമ്മുടെ ഭരണഘടനാ മൂല്യങ്ങളെ, സർവോപരി ഇന്ത്യയെന്ന ബഹുസ്വര ആശയത്തെ വീണ്ടെടുക്കണം. അതിനായുള്ള സമരത്തിൽ ഓരോരുത്തരും അണിചേർന്നുകൊണ്ടായിരിക്കണം ഭരണഘടനാ സംരക്ഷണത്തിന്റെ പാതയിലേക്ക് നമ്മൾ നടന്നടുക്കേണ്ടത്. മനുഷ്യ മഹാശൃംഖല ഭരണഘടനാ സംരക്ഷണത്തിനായുള്ള ജനകീയ പോരാട്ടത്തിൽ പുതിയ ചരിത്രം സൃഷ്ടിക്കുമെന്നുറപ്പാണ്.■



*ബി.എം.എസ് പണിമുടക്കിൽ നിന്ന് വിട്ടുനിന്നെങ്കിലും അവരോടൊപ്പമുള്ള തൊഴിലാളികളും പണിമുടക്കിന്റെ ഭാഗമായികൊണ്ട് കേരളത്തിൽ എല്ലാപേരുടെയും പിന്തുണയുള്ള ഐതിഹാസികമായ സമരമായി പൊതുപണിമുടക്ക് മാറി.*

# ജനുവരി 8 പൊതു പണിമുടക്ക് കേരളത്തിൽ സമ്പൂർണ്ണം




കേന്ദ്ര തൊഴിലാളി സംഘടനകൾ സംയുക്തമായി ജനുവരി 8 ന് നടത്തിയ 24 മണിക്കൂർ നീണ്ടുനിന്ന ദേശീയ പണിമുടക്ക് കേരളത്തിൽ സമ്പൂർണ്ണമായി. എല്ലാ മേഖലകളിലും ഉള്ള തൊഴിലാളികളും ജീവനക്കാരും പണിമുടക്കിൽ പങ്കെടുത്തു. സംസ്ഥാനത്തെ സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളും, കേന്ദ്ര-സംസ്ഥാന ഗവർമെന്റ് ജീവനക്കാരും അദ്ധ്യാപകർ, യൂണിവേഴ്സിറ്റി ജീവനക്കാർ, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ ഉൾപ്പടെയുള്ള ജീവനക്കാർ, ബാങ്ക് മറ്റ് ഇതര ധനകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർ, കേന്ദ്ര സംസ്ഥാന പൊതുമേഖലസ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് തലത്തിലുള്ള ഉദ്യോഗസ്ഥർ തുടങ്ങി എല്ലാ വിഭാഗത്തിൽപെട്ട തൊഴിലാളികളും ജീവനക്കാരും പണിമുടക്കിൽ നേരിട്ട് പങ്കാളികളായി. കേരളത്തിലെ കച്ചവടക്കാരും, വ്യാപാരികളും, ചെറുകിട വ്യവസായികളും എല്ലാം പണിമുടക്കിനോട് സഹകരിച്ചു കൊണ്ട് കടകളും സ്ഥാപനങ്ങളും അടച്ചു. പത്ര മാധ്യമസ്ഥാപനങ്ങളിലെ ജീവനക്കാരും പത്രപ്രവർത്തകരും എല്ലാം പണിമുടക്കിന്റെ ഭാഗമായി. ബി.എം.എസ് പണിമുടക്കിൽ നിന്ന് വിട്ടുനിന്നെങ്കിലും അവരോടൊപ്പമുള്ള തൊഴിലാളികളും പണിമുടക്കിന്റെ ഭാഗമായികൊണ്ട് കേരളത്തിൽ മുഴുവൻ പേരുടെയും പിന്തുണയുള്ള ഐതിഹാസികമായ സമരമായി പൊതുപണിമുടക്ക് മാറി.

കേന്ദ്രസംസ്ഥാന തലങ്ങളിൽ പ്രവർത്തിയ്ക്കുന്ന 23 ട്രേഡ് യൂണിയൻ സംഘടനകളാണ് ജനുവരി 8ലെ പണിമുടക്കിൽ പങ്കെടുക്കാൻ തീരുമാനിച്ചത്. 12 ആവശ്യങ്ങളാണ് പണിമുടക്കിൽ തൊഴിലാളി സംഘടനകൾ മുന്നോട്ടുവച്ചത്.

1. പൊതുമേഖലസ്ഥാപനങ്ങളുടെ വില്പന അവസാനിപ്പിയ്ക്കുക.
2. രാജ്യത്തെ മുഴുവൻ തൊഴിലാളികളുടേയും ജീവനക്കാരുടേയും മിനിമം കൂലി 21000 രൂപയായി വർദ്ധിപ്പിയ്ക്കുക.
3. റെയിൽവേ സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിയ്ക്കുക.
4. പ്രതിരോധമേഖലയിൽ വിദേശ നിഷേപം അനുവദിയ്ക്കാതിരിക്കുക.
5. സാർവ്വത്രിക സാമൂഹ്യ സുരക്ഷാപദ്ധതി നടപ്പിലാക്കുക.
6. തൊഴിൽ എടുക്കുന്നവർക്ക് മിനിമം പെൻഷൻ 10000 രൂപ നൽകുക.
7. വിലക്കയറ്റം നിയന്ത്രിയ്ക്കുക; തൊഴിലവസരം വർദ്ധിപ്പിയ്ക്കുക.
8. തൊഴിൽ സുരക്ഷിത

ത്വം ഉറപ്പുവരുത്തുക.

9. സ്ഥിരം തൊഴിൽ ലഭ്യമായ മേഖലയിൽ കോൺട്രാക്ട് തൊഴിൽ രീതി അവസാനിപ്പിയ്ക്കുക.
10. എല്ലാവർക്കും ശമ്പളത്തിന് ആനുപാതികമായി ബോണസ്സ് നൽകുക.
11. തൊഴിൽ സംഘടനയ്ക്ക് അംഗീകാരം നൽകുവാൻ 45 ദിവസത്തിനുള്ളിൽ സർക്കാർ തയ്യാറാവുക.
12. തൊഴിൽ നിയമങ്ങൾ ഏകപക്ഷീയമായി ഭേദഗതി ചെയ്യുന്ന ഭരണഘടനാവിരുദ്ധ നടപടികൾ പിൻവലിയ്ക്കുക.

ഈ ഡിമാന്റുകളോടൊപ്പം പൗരത്വ ഭേദഗതി നിയമം പിൻവലിയ്ക്കുക. എന്ന ആവശ്യവും തൊഴിലാളി സംഘടനകൾ മുന്നോട്ടുവച്ചു. ഡൽഹിയിൽ സെപ്തംബർ 30 ന് പാർലമെന്റ് സ്ട്രീറ്റിൽ നടന്ന തൊഴിലാളി കൺവെൻഷനാണ് ഈ ആവശ്യങ്ങൾ പണിമുടക്കിന് ആധാരമായി മുന്നോട്ടുവച്ചത്. കഴിഞ്ഞ മൂന്നുമാസമായി തൊഴിലാളി സംഘടനകൾ സംയുക്തമായി പണിമുടക്ക് വിജയിപ്പിയ്ക്കാനുള്ള വിപുലമായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തിയത്. നവംബർ 10 ന് എറണാകുളത്ത് നടന്ന സംസ്ഥാന കൺവെൻഷനും തുടർന്ന് ജില്ലകളിൽ നടന്ന കൺവെൻഷനുകളിലും വമ്പിച്ച തൊഴിലാളി പങ്കാളിത്തമാണ് ഉണ്ടായത്. പ്രാദേശിക തലങ്ങളിലും, ഫാക്ടറി തൊഴിൽ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ കൺവെൻഷനുകളും യോഗങ്ങളും മുൻകാലങ്ങളെക്കാൾ വളരെ വിജയകരമായി സംഘടിപ്പിയ്ക്കാൻ കഴിഞ്ഞു. സംസ്ഥാനത്തുടനീളം പഞ്ചായത്ത് മുനിസിപ്പൽ തലങ്ങളിൽ തൊഴിലാളികളുടെ കാൽനട ജാഥകൾ സംഘടിപ്പിച്ചു. തുടർന്ന് സംസ്ഥാന അടിസ്ഥാനത്തിലുള്ള 3 മേഖല പ്രചരണ ജാഥകളാണ് നടത്തിയത്.



വടക്കൻ മേഖല ജാഥയ്ക്ക് എ.ഐ.റ്റി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി സ:കെ.പി.രാജേന്ദ്രൻ, മധ്യ മേഖല ജാഥയ്ക്ക് സി.ഐ.റ്റി.യു. സംസ്ഥാന ജനറൽ സെക്രട്ടറി സ: എളമരം കരീം, തെക്കൻ മേഖല ജാഥയ്ക്ക് ഐ.എൻ.ടി.യു,സി സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ.ചന്ദ്രശേഖരനും നേതൃത്വം നൽകി. എ.ഐ.റ്റി.യു.സി സംസ്ഥാന ഭാരവാഹികളായ സഖാക്കൾ കെ.കെ.അഷറഫ്, കെ.സി.ജയപാലൻ, എം.പി.ഗോപകുമാർ എന്നിവർ വിവിധ ജാഥകളിൽ എ.ഐ.റ്റി.യു.സി പ്രതിനിധികളായി പങ്കെടുത്തു. മധ്യമേഖല ജാഥ മലപ്പുറം ജില്ലയിൽ എടപ്പാളിൽ വച്ച് എ.ഐ.റ്റി.യു.സി സംസ്ഥാന പ്രസിഡന്റ് സ:ജെ. ഉദയഭാനുവാണ് ഉദ്ഘാടനം ചെയ്തത്. എ.ഐ.റ്റി.യു.സി സംസ്ഥാന ഭാരവാഹികളായ സഖാക്കൾ വാഴൂർ സോമൻ, സി.പി.മുരളി, എച്ച്. രാജീവൻ എന്നിവർ മേഖല ജാഥകളുടെ ചുമതലക്കാരായി പ്രവർത്തിച്ചു. സംസ്ഥാനത്ത് 73 കേന്ദ്രങ്ങളിൽ ജാഥയ്ക്ക് വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്. ഓരോ സമ്മേളനങ്ങളിലും ആയിരങ്ങൾ പങ്കെടുത്തു, സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തം ശ്രദ്ധേയമായി. വിപുലമായ പ്രചരണമാണ് ജാഥകളുടെ സ്വീകരണങ്ങളുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ചത്. തൊഴിലാളികളോടൊപ്പം മറ്റ് ബഹുജന പ്രസ്ഥാനങ്ങളും സ്വീകരണപരിപാടികൾ വിജയിപ്പിയ്ക്കുവാൻ എല്ലാ കേന്ദ്രങ്ങളിലും തടിച്ചുകൂടി.

എ.ഐ.റ്റി.യു.സി അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ:അമർജിത് കൗർ തിരുവനന്തപുരത്ത് നടന്ന തെക്കൻ മേഖല ജാഥയുടെ സമാപന

**ജനുവരി 8 ന് പണിമുടക്കിയ തൊഴിലാളികളും, ജീവനക്കാരും സംസ്ഥാനത്ത് 400 കേന്ദ്രങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെ സമരസദസ്സുകൾ സംഘടിപ്പിച്ചു.**






സമ്മേളനം ഉദ്ഘാടനം ചെയ്തു. സഃഅമർജിത്തിന്റെ സാന്നിദ്ധ്യം കേരളത്തിലെ പണിമുടക്കിനും, നമ്മുടെ ക്യാമ്പെയിനുകൾക്കും ഏറെ സഹായകരമായി. വിവിധ തലങ്ങളിലുള്ള ജീവനക്കാരുടെ വ്യത്യസ്തങ്ങളായ സംഘടനകളും ജാഥ സ്വീകരണപരിപാടികൾ വിജയിപ്പിയ്ക്കുവാൻ മുന്നിട്ടിറങ്ങിയപ്പോൾ പൊതുപണിമുടക്കിന് അത് വലിയ പിന്തുണയും ശക്തിയുമായി.

ജനുവരി 8 ന് പണിമുടക്കിയ തൊഴിലാളികളും, ജീവനക്കാരും സംസ്ഥാനത്ത് 400 കേന്ദ്രങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെ സമരസദസ്സുകൾ സംഘടിപ്പിച്ചു. പ്രകടനങ്ങളും അഭിവാദ്യങ്ങളും ആവേശകരമായി. തൊഴിലാളികളുടെ കലാപരിപാടികളും സമരത്തിന് വലിയ പിന്തുണനൽകുന്നതായിരുന്നു. ഓരോ സമരകേന്ദ്രങ്ങളിലും സമരത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണവും മറ്റും നൽകുന്നതിനായി ബഹുജനസംഘടനകളും, മറ്റ് പ്രസ്ഥാനങ്ങളും വലിയ ഉത്സാഹമാണ് പ്രകടിപ്പിച്ചത്. വിദ്യാർത്ഥി യുവജനസംഘടനകളുടെ പിന്തുണയും സഹകരണവും കൂടുതൽ ഊർജ്ജം പകർന്നു. തൊഴിലാളികളോടൊപ്പം ചേർന്നുകൊണ്ട് രാജ്യത്തെ കർഷകസംഘടനകൾ പ്രഖ്യാപിച്ച ഐക്യദാർഢ്യം ഈ പണിമുടക്കിന്റെ ഏറ്റവും വലിയ പിന്തുണയായി. ജനുവരി 8ന് ഗ്രാമീണ കർഷക ബന്ദ് പ്രഖ്യാപിച്ചുകൊണ്ടാണ് രാജ്യത്തെ കൃഷിക്കാർ തൊഴിലാളികളോടൊപ്പം കൈകോർത്തത്. നമ്മുടെ സംസ്ഥാനത്ത് ഇതിനുമുന്നോടിയായി കർഷകസംഘടനകളുടെ പ്രചരണ ജാഥകളും വിപുലമായ യോഗങ്ങളും നടത്തിയതും പൊതുപണിമുടക്കിന്റെ വിജയത്തിൽ സഹായകരമായി.


പൗരത്വ ഭേദഗതി നിയമം കേന്ദ്ര സർക്കാർ ലോകസഭയിലും, രാജ്യസഭയിലും പാസ്സാക്കി നടപ്പിലാക്കാൻ മുന്നിട്ടിറങ്ങിയത് ഈ സന്ദർഭത്തിലാണ്. ജനങ്ങളെ ഭിന്നിപ്പിയ്ക്കാനും, മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നൽകുന്നതിനുമുള്ള ഭരണഘടന വിരുദ്ധമായ നിയമം സർവ്വശക്തിയും എടുത്ത് പരാജയപ്പെടുത്തേണ്ടത് തൊഴിലാളികളുടെ കടമയാണെന്നുള്ള തിരിച്ചറിവും, ഈ ഘട്ടത്തിൽ പൊതുപണിമുടക്കിന്റെ പ്രാധാന്യവും വിജയവും ഒന്നുകൂടി ഓർമ്മിപ്പിയ്ക്കുന്നതിൽ വിലപ്പെട്ട ഒന്നായി. പ്രചരണ ജാഥകളിലും മറ്റ് ക്യാമ്പെയിനുകളിലുമെല്ലാം തൊഴിലാളികൾ മുന്നോട്ടുവച്ച ഡിമാന്റുകളോടൊപ്പം രാജ്യത്തിന്റെ ഭരണഘടനയും ജനാധിപത്യവും മതനിരപേക്ഷതയും തകർക്കുന്ന ബി.ജെ.പി.സർക്കാരിന്റെ നയങ്ങളെയും നിയമങ്ങളേയും എതിർത്ത് പരാജയപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം നല്ലവണ്ണം ഊന്നിപറയുന്നതിനും, ജനങ്ങളിലേയ്ക്ക് എത്തിയ്ക്കുന്നതിലും തൊഴിലാളി സംഘടനകൾ നല്ല വണ്ണം ശ്രദ്ധിച്ചു. ജനുവരി 8 ന്റെ പൊതുപണിമുടക്ക് വമ്പിച്ച വിജയമായതിൽ ഇതും ഒരു പ്രധാനപ്പെട്ട ഘടകമാണ്.

ഈ സാഹചര്യത്തിലാണ് ജനുവരി 15 ന് തൊഴിലാളി സംഘടനകൾ സംയുക്തമായി ഭരണഘടന സംരക്ഷണ തൊഴിലാളി സദസ്സുകൾ സംഘടിപ്പിയ്ക്കുവാൻ ആഹ്വാനം ചെയ്തത്. സംസ്ഥാനത്ത് അറുപതോളം കേന്ദ്രങ്ങളിൽ ജനുവരി 15 ന് വൈകിട്ട് 5 മണി മുതൽ രാത്രി 12 മണിവരെ തൊഴിലാളികൾ ഈ സദസ്സുകളിൽ സജീവമായി പങ്കെടുത്തു. ഭരണഘടനയുടെ ആമുഖം എല്ലാസദസ്സുകളിലും വായിച്ചു. തൊഴിലെടുക്കാനുള്ള അവകാശങ്ങളും, സംഘടിയ്ക്കാനുള്ള അവകാശവും, അവകാശങ്ങൾ നേടിയെടുക്കാനുള്ള കൂട്ടായ പ്രവർത്തനങ്ങൾക്കും ഭരണഘടന തൊഴിലാളികൾക്ക് നൽകുന്ന ഏറ്റവും വലിയ സംരക്ഷണമാണ് ഭരണഘടന തകർക്കുന്നതിലൂടെ മോദിസർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അതിന്റെ ആദ്യപടിയാണ് നിലവിലുള്ള 44 തൊഴിൽ നിയമങ്ങൾ റദ്ദാക്കാനും, കോർപ്പറേറ്റുകൾക്ക് അനുകൂലമായി തൊഴിലാളി വിരുദ്ധ നിയമങ്ങൾ-ലേബർ കോഡുകൾ കൊണ്ടുവരുന്നതിന് നടത്തുന്ന ശ്രമങ്ങൾ. ഇതിന്റെ ഭാഗമായി വേതന ചട്ടനിയമം പാർലമെന്റ് പാസ്സാക്കി. മറ്റ് 3 നിയമങ്ങളും പാസ്സാക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്. ഫെബ്രുവരി മാസത്തിൽ ഇതെല്ലാം പാസ്സാക്കുമെന്നാണ് ഗവൺമെന്റ് വ്യക്തമാക്കുന്നത്. ഈ സന്ദർഭത്തിൽ ജനുവരി 8ലെ പൊതുപണിമുടക്ക് നൽകിയ വമ്പിച്ച പിന്തുണയും, ആത്മവിശ്വാസവും ഇനി തുടർന്നു വരുന്ന പ്രക്ഷോഭത്തിനും, തൊഴിലാളികൾക്ക് വലിയ കരുത്തും, ഊർജ്ജവുമാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് എല്ലാ തലങ്ങളിൽ നിന്നും കിട്ടിയ പിന്തുണയ്ക്ക് ഈ സന്ദർഭത്തിൽ നന്ദിരേഖപ്പെടുത്തുന്നു.

എ.ഐ.റ്റി.യു.സി ശതാബ്ദി ആഘോഷ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സന്ദർഭത്തിൽ ഏപ്രിൽ 2, 3, 4, 5 തീയതികളിൽ ആലപ്പുഴയിൽ വച്ച് നടക്കുന്ന ശതാബ്ദി ദേശീയ സമ്മേളനത്തിന്റെ വിജയത്തിനുള്ള ഓരോ പ്രവർത്തനങ്ങളും വരാൻ പോകുന്ന കൂടുതൽ ശക്തമായ പ്രക്ഷോഭത്തിനുള്ള മുന്നൊരുക്കങ്ങളാണ്. ■



*തൊഴിലാളി വർഗ്ഗത്തിന്റെ പതാക ഉയർത്തിപ്പിടിക്കുകയാണ് AITUC യുടെ ദൗത്യം. അതിൽ പുലർത്തിയ സത്യസന്ധതയും കർത്തവ്യബോധവും കൊണ്ടാണ് AITUC ഇന്ത്യയിലെ ഏറ്റവും വലിയ മൂന്നാമത്തെ തൊഴിലാളി സംഘടന ആയത്.*




# 100 വയസ്സ് പിന്നിടുന്ന എ.ഐ.ടി.യു.സി തൊഴിലാളി ഐക്യത്തിന്റെ പ്രേരക ശക്തി

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ രൂപം നൽകിയ പ്രസ്ഥാനമാണ് AITUC എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന ഇന്ത്യയിലെ ആദ്യത്തെ സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനമായ ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്. AITUC രൂപീകരണത്തിന്റെ കാരണവും ചരിത്രവും ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളുമായി ഇഴചേർന്ന് കിടക്കുന്നു. ജാതിയും മതവും പറഞ്ഞ് അദ്ധ്വാനിപ്പിക്കുന്ന ജനതയെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നവർക്കെതിരെ കരിമ്പാറ കണക്കെ നിലകൊള്ളുവാൻ AITUC ക്ക് കഴിയുന്നത് അതിന് മതേതരത്വത്തിന്റെ മഹത്വം മനസിലാവുന്നതുകൊണ്ടാണ്. 100 കൊല്ലങ്ങൾക്ക് മുമ്പ് 1920 ഒക്ടോബർ 31 ന് AITUC രൂപീകരണ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു കൊണ്ട് ലാലാ ലജ്പത് റായി രണ്ട് തരം സത്യങ്ങളെക്കുറിച്ച് പറയുണ്ടായി. തൊഴിലാലി വർഗ്ഗ സത്യവും മുതലാളിവർഗ്ഗ സത്യവും. തൊഴിലാളി വർഗ്ഗത്തിന്റെ പതാക ഉയർത്തിപ്പിടിക്കുകയാണ് AITUC യുടെ ദൗത്യം. അതിൽ പുലർത്തിയ സത്യസന്ധതയും കർത്തവ്യബോധവും കൊണ്ടാണ് AITUC ഇന്ത്യയിലെ ഏറ്റവും വലിയ മൂന്നാമത്തെ തൊഴിലാളി സംഘടന ആയത്. ചുവന്ന കൊടി പിടിക്കുന്ന കേന്ദ്ര ട്രേഡ് യൂണിയനുകളിൽ ഒന്നാം സ്ഥാനത്ത് AITUC ആയതും അതുകൊണ്ട് തന്നെ.

### സമരങ്ങൾ രൂപപ്പെടുന്നു

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയായപ്പോഴേക്കും ബ്രിട്ടീഷ് സാമ്രാജ്യത്തിന് കീഴിൽ ഇന്ത്യയാകെ മുതലാളിത്ത വ്യവസ്ഥിതി ആധിപത്യം സ്ഥാപിച്ച് കഴിഞ്ഞിരുന്നു. ബ്രിട്ടീഷ് കമ്പനികളുടെ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഉറവിടമായും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയായും ഇന്ത്യ സാവധാനം പരിവർത്തനപ്പെടുകയായിരുന്നു. അതുകൊണ്ടു ത

13

ന്നെ ഒരു വ്യവസ്ഥയുമില്ലാത്ത അടിമപ്പണിയായിരുന്നു എങ്ങും നിലനിന്നിരുന്നത്. സ്ത്രീ-പുരുഷ ഭേദമില്ലാതെ തൊഴിലാളികളെ 16 ഉം 19 ഉം മണിക്കൂറുകൾ പണിയെടുപ്പിച്ചിരുന്നു. ബാലവേലയും കുറഞ്ഞ കൂലിയും മനുഷ്യത്വരഹിതമായ വ്യവസ്ഥകളും സാർവ്വത്രികമായിരുന്നു. എത്രയെങ്കിലും ജോലി, എന്തെങ്കിലും കൂലി എതിർത്തൊന്ന് ഉരിയാടിയായാൽ ജീവൻപോലും അപകടത്തിൽ എന്നതായിരുന്നു സ്ഥിതി. (ബി.ജെ.പി.യുടെ കേന്ദ്ര ഭരണത്തിൻ കീഴിൽ സമരം ചെയ്യുന്നവരെ ഇപ്പോൾ നേരിടുന്ന രീതി ഇത് ഓർമ്മിപ്പിക്കുന്നു).

തൊഴിൽ മേഖലയിൽ പടർന്നു പന്തലിച്ച അസംതൃപ്തിയും പ്രതിഷേധവും സമരങ്ങളായി രൂപപ്പെട്ടു. 1897 ലെ കൽക്കട്ടയിലെ മഞ്ചൻ തൊഴിലാളികളുടെ പണിമുടക്ക് സമരം, 1962 ലെ ഹൗറയിലെ റെയിൽ തൊഴിലാളികളുടെ സമരം, കൽക്കട്ടയിലെ കാളവണ്ടി തൊഴിലാളികളുടെ സമരം, പ്രസ്സുകളിലെ കമ്പോസിറ്റർമാർ, പ്രിന്റർമാർ എന്നിവർ നടത്തിയ സമരം, ബോംബെയിലെ അലക്കു തൊഴിലാളികളുടെ സമരം, മദ്രാസിലെ പാൽ വിതരണ തൊഴിലാളികളുടെ സമരം തുടങ്ങിയ ചെറുതും, വലുതുമായ നിരവധി സമരങ്ങളാണ് 1800 കളുടെ പകുതിയിൽ തന്നെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി നടന്നത്. 1882 നും 1890 നുമിടയിലുള്ള 8 വർഷക്കാലത്തിനിടയിൽ 25 ഓളം പണിമുടക്കുകൾ വിവിധ മേഖലകളിലായി നടക്കുകയുണ്ടായി. ഈ സമരങ്ങളെല്ലാം നടക്കുമ്പോൾ രാജ്യത്ത് ഒരു തൊഴിലാളി സംഘടന പോലും രൂപീകൃതമായിരുന്നില്ല.

## ലോകത്താകമാനം സംഘടിത പ്രസ്ഥാനങ്ങൾ രൂപം കൊള്ളുന്നു

ഈ സമയം ലോകത്താകമാനം നടന്ന തൊഴിൽ സമരങ്ങളും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ ആവിർഭാവവും ഇന്ത്യയിലെ തൊഴിലാളികളിലും സ്വാധീനം ചെലുത്തി. 1799 ലെ ഫ്രഞ്ച് വിപ്ലവം താൽക്കാലികമായി പരാജയപ്പെട്ടെങ്കിലും വിപ്ലവത്തിന്റെ ഭാഗമായി. 1817 മാർച്ച് 18 മുതൽ മെയ് 28 വരെ പാരീസിൽ നിലനിന്ന തൊഴിലാളികളുടെ ഗവൺമെന്റ് (പാരീസ് കമ്മ്യൂൺ) ലോക തൊഴിലാളി വർഗ്ഗത്തിന് പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകുന്നതായിരുന്നു. തൊഴിലാളികൾക്ക് പിഴ ചുമത്തുന്നത് നിർത്തലാക്കുന്നതിനും തൊഴിലാളികൾക്കു വേണ്ടി അടച്ചിട്ട ഫാക്ടറികൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനും അവശ്യസാധനങ്ങൾക്ക് നിയതമായ വില നിശ്ചയിക്കുന്നതിനും പാരീസ് കമ്മ്യൂണിന് സാധിച്ചു. dictatorship of proletariat എന്നാണ് കാറൽ മാക്സ് പാരീസ് കമ്മ്യൂണിനെ വിശേഷിപ്പിച്ചത്.

1859 ൽ ഉണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ പ്രത്യാഘാതങ്ങൾ തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കുവാനുള്ള ബ്രിട്ടീഷ് ഭരണാധികാരികളുടെ ശ്രമങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ നടന്നു. (ഇന്ന് ഇന്ത്യയിൽ നടക്കുന്നതും ഇതു തന്നെ) അതിന്റെ പരിണിതഫലമായാണ് ലണ്ടൻ ട്രേഡ്സ് കൗൺസിൽ 1861 ൽ സ്ഥാപിതമാകുന്നത്. 1861 മുതൽ 1865 വരെ നീണ്ടുനിന്ന അമേരിക്കയിലെ ആഭ്യന്തര യുദ്ധങ്ങൾ അവിടുത്തെ തൊഴിലാളികൾക്കിടയിലും സംഘടിത ബോധത്തിന്റെ അലയൊലികൾ സൃഷ്ടിച്ചു. ജർമ്മനിയിലും ഇക്കാലയളവിൽ ലാസല്ലേയുടെ നേതൃത്വത്തിൽ സമാനമായ പോരാട്ടങ്ങൾ നടന്നു. ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി പിറവിയെടുക്കുന്നത് അങ്ങനെയാണ്. റഷ്യൻ ഭരണത്തിനെതിരായ പോളിഷ് ജനതയുടെ പോരാട്ടത്തിന് ശക്തിപകർന്നുകൊണ്ട് ബ്രിട്ടനിലേയും, ഫ്രാൻസിലേയും അമേരിക്കയിലേയും തൊഴിലാളികൾ ഒത്തുചേർന്നു. ഇതിന്റെ പരിണിത ഫലമായാണ് 1863 ൽ ഇന്റർ നാഷണൽ വർക്കിംഗ് മെൻസ് അസോസിയേഷൻ സ്ഥാപിതമാകുന്നത്. ആ കമ്മിറ്റിയിലേക്ക് കാറൽ മാക്സ് തിരഞ്ഞെടുക്കപ്പെട്ടു. കാറൽ മാക്സ് തന്നെ ആദ്യത്തെ മാനിഫെസ്റ്റോയും തയ്യാറാക്കി. ഇത് ലോകം മുഴുവനുമുള്ള തൊഴിലാളികൾക്ക് താത്വികമായ ശക്തി പകർന്നു. 1881 ൽ സ്ഥാപിതമായ ഫെഡറേഷൻ ഓഫ് ഓർഗനൈസ്ഡ് ട്രേഡ് യൂണിയൻസ് ആന്റ് ലേബർ യൂണിയൻസിന്റെ (FOTLO) ആഹ്വാന പ്രകാരം 8 മണിക്കൂർ തൊഴിൽ സമയം ആവശ്യപ്പെട്ടുകൊണ്ട് ലോകത്താകമാനം റാലികൾ സംഘടിപ്പിക്കപ്പെട്ടു. അതിന്റെ ഭാഗമായി അമേരിക്കൻ പട്ടണമായ ചിക്കാഗോയിലെ ഹേ മാർക്കറ്റിൽ തടിച്ചു കൂടിയ മൂവായിരത്തോളം വരുന്ന തൊഴിലാളികൾക്കു നേരെ പട്ടാളം ക്രൂരമായ ആക്രമണം അഴിച്ചുവിട്ടു. പട്ടാളം നടത്തിയ വെടിവെപ്പിൽ നൂറുകണക്കിന് തൊഴിലാളികൾ മരിച്ചു വീണു. അതിലും എത്ര

**എ.ഐ.റ്റി.യു.സി. ഇന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യവും തൊഴിൽ മേഖലയും ഒരേ പോലെ അപകടത്തിലാണ്. കച്ചവടത്തിന് ഒരിത്തിരി ഇടം ചോദിച്ചു വന്നവർ രാജ്യത്തെ കച്ചവടം മുഴുവൻ കൈക്കലാക്കുകയും ഒടുവിൽ രാജ്യത്തെ തന്നെ കീഴ്പ്പെടുത്തുകയും ചെയ്തതാണ് രാജ്യത്തിന്റെ ചരിത്രം.**

യോ ഇരട്ടി ആളുകൾക്ക് കൊടിയ മർദ്ദനമേറ്റു. ചിക്കാഗോവിലെ തെരുവീഥികളിൽ ഒഴുകിയ തൊഴിലാളികളുടെ രക്തത്തിന്റെ നിറമാണ് കമ്മ്യൂണിസ്റ്റുകാർ അവരുടെ കൊടികൾക്ക് പകർന്നു നൽകിയത്.

## സംഘടിത പ്രസ്ഥാനങ്ങൾ ഇന്ത്യയിലും

സംഘടിത പ്രസ്ഥാനങ്ങൾ രൂപീകരിച്ചു കൊണ്ട് ലോകത്താകമാനം നടന്ന തൊഴിൽ സമരങ്ങൾ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തെയും സ്വാധീനിച്ചു. ഇന്ത്യൻ തൊഴിലാളി വർഗ്ഗ പോരാട്ടങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന നാരായൺ മേഖാജി ലോഖാണ്ടെയുടെ നേതൃത്വത്തിൽ മിൽ തൊഴിലാളികളെയും കർഷക തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ടുള്ള സമരങ്ങൾ നടന്നത് ഈ കാലഘട്ടത്തിലാണ്. ബോംബെ മിൽസ് ഹാൻസ് അസോസിയേഷൻ (ഇന്ത്യയിലെ ആദ്യത്തെ വ്യവസായ തൊഴിലാളി സംഘടന) രൂപീകരിച്ചു കൊണ്ട് നടത്തിയ ഐതിഹാസിക സമരവും അതിന്റെ വിജയവും ഇന്ത്യൻ തൊഴിലാലി വർഗ്ഗത്തിന് പ്രത്യാശയും പോരാട്ട വീര്യവും പകർന്നു നൽകുകയായിരുന്നു. മിൽ തൊഴിലാളികൾക്ക് വാരാന്ത്യ അവധിയും പ്രതിദിനം ഉച്ചയ്ക്ക് ഒരു മണിക്കൂർ വിശ്രമവും എല്ലാ മാസവും 15 ന് ശമ്പളവും കൃത്യമായ തൊഴിൽ സമയവും തൊഴിലാളികൾ ആ പോരാട്ടത്തിലൂടെ നേടിയെടുത്തു. 8 മണിക്കൂർ ജോലി സമയം ആവശ്യപ്പെട്ടു കൊണ്ട് 1862 ൽ ഹൗറയിൽ റെയിൽ തൊഴിലാളികൾ സംഘടിച്ചു നടത്തിയ സമരം വെള്ളക്കാരായ റെയിൽവേ മാനേജുമെന്റിനെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. 1895 ൽ മൊഹമ്മദൻസ് അസോസിയേഷൻ എന്ന പേരിൽ ചണമിൽ തൊഴിലാളികൾ ഒരു സംഘടനയ്ക്ക് രൂപം നൽകി. 1899 ൽ നേവൽ തൊഴിലാളികൾ സീമെൻസ് ക്ലബ്ബ് എന്ന പേരിൽ സംഘടിച്ചു. അമാൽഗമേറ്റഡ് സൊസൈറ്റി ഓഫ് റെയിൽവേ സർവ്വന്റ്സ് ഓഫ് ഇന്ത്യ ആന്റ് ബർമ്മ എന്നൊരു സംഘടന 1897 ലും പ്രിന്റേഴ്സ് യൂണിയൻ എന്ന സംഘടന 1905 ലും രൂപീകരിച്ചു. ഇന്ത്യയിൽ കത്തിപ്പടരുന്ന സമരങ്ങളുടെ പശ്ചാത്തലത്തിലാണ് 1881 ൽ ഫാക്ടറി നിയമം കൊണ്ടുവരുന്നത്. ബ്രിട്ടീഷ് കമ്പനികളെ സഹായിക്കാൻ ഉദ്ദേശിച്ച് കൊണ്ടുവന്നതാണെങ്കിലും ജോലി സമയത്തിന്റെ കാര്യത്തിലും വാരാന്ത്യ അവധിദിനങ്ങളുടെ കാര്യത്തിലും ഈ നിയമം തൊഴിലാളികൾക്ക് ഒരു അനുഗ്രഹമായി. തൊഴിലാളികളും കർഷകരും ചേർന്ന് മാനവ ചരിത്രത്തിലാദ്യമായി അധികാരം പിടിച്ചെടുത്ത 1917 ലെ ഒക്ടോബർ വിപ്ലവം ഇന്ത്യയിലെ സംഘടിത പ്രസ്ഥാനങ്ങൾക്ക് പുതിയ ഒരു ദിശാബോധം നൽകി. 1920 ൽ എത്തുമ്പോഴേക്കും ഇന്ത്യയിലെ സമസ്ത വ്യവസായ ശാലകളിലും സർക്കാർ സർവ്വീസുകളിലും സംഘടനകൾ രൂപീകൃതമാവുകയും തൊഴിൽ സമരങ്ങൾ വ്യാപകമാകുകയും ചെയ്തു. 1913 ൽ ഇന്ത്യൻ പീനൽ കോഡിൽ ഭേദഗതികൾ വരുത്തി തൊഴിൽ സമരങ്ങൾ അടിച്ചമർത്തുവാനുള്ള ബ്രിട്ടീഷ് ഗവൺമെന്റിന്റെ ശ്രമങ്ങളും പരാജയപ്പെട്ടു. (കുത്തകകൾക്കു വേണ്ടി നിയമങ്ങൾ മാറ്റിയെഴുതി സമരങ്ങൾ അടിച്ചമർത്തുവാനുള്ള ബി.ജെ.പി ഗവൺമെന്റിന്റെ ശ്രമങ്ങളും ഇതിന്റെ തനിയാവർത്തനമാണ്.) വർഗ്ഗ ബോധമുൾക്കൊണ്ടുള്ള രാഷ്ട്രീയ ബഹുജന പോരാട്ടം നടത്താൻ ഇന്ത്യയിലെ തൊഴിലാളികളും പ്രാപ്തരായിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ നാശമാരംഭിച്ചുവെന്ന് അക്കാലത്തെ ഇന്ത്യയിലെ പ്രക്ഷോഭങ്ങളെ പരാമർശിച്ച് ലെനിൻ എഴുതുകയുണ്ടായി.




## AITUC രൂപീകൃതമാവുന്നു

1915 ലെ ഹോം റൂൾ പ്രസ്ഥാനം 1919 ലെ റൗലറ്റ് സത്യാഗ്രഹം എന്നിവയുടെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ തൊഴിലാളി പ്രസ്ഥാനങ്ങൾ ദേശീയ അടിസ്ഥാനത്തിൽ ഒരു സംഘടനയ്ക്ക് രൂപം നൽകണമെന്ന് ആലോചിക്കുകയും 1920 ജൂലൈ 16 ന് ബോംബെയിൽ യോഗം ചേർന്ന് ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് എന്ന സംഘടന രൂപീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. അങ്ങനെ 1920 ഒക്ടോബർ 31 ന് ബോംബെയിലെ എമ്പയർ തിയറ്ററിൽ ചേർന്ന സമ്മേളനത്തിലാണ് ഇന്ത്യയിലെ ആദ്യത്തെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനമായ ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സിന് (AITUC) ജന്മം നൽകുന്നത്. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 64 സംഘടനകളിലെ പ്രതിനിധികൾ അതിൽ പങ്കെടുത്തു. മറ്റ് 43 യൂണിയനുകൾ അവരുടെ പിന്തുണ അറിയിച്ചു. ആദ്യ പ്രസിഡന്റായി ലാലാ ലജ്പത് റായിയേയും സെക്രട്ടറിയായി പി.എം.പവാറിനെയും സമ്മേളനം തെരഞ്ഞെടുത്തു. വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായി മോത്തിലാൽ നെഹ്റു, മൊ

ഹമ്മദലി ജിന്ന, ആനി ബസന്റ്, വി.ജെ.പട്ടേൽ, ബി.പി. വാഡിയ, ജോസഫ് ബാപിസ്റ്റ്, ലാലുഭായ് സമൽദാസ്, ബി.ഡബ്ല്യു. വാഡിയ, ആർ. ആർ.ക്രാന്തികർ എന്നിവരും ബ്രിട്ടീഷ് ട്രേഡ് യൂണിയൻ കോൺഗ്രസ്സിന്റെ ഭാഗമായി ജെ.സി.വെഡ്ജുവുഡും ഈ രൂപീകരണ സമ്മേളനത്തിൽ പങ്കെടുത്തു.

1921 ൽ ഇന്നത്തെ ഝാർഖണ്ഡ് പ്രജേശമായ ഝാരായയിൽ നടന്ന രണ്ടാമത് സമ്മേളനം സ്വരാജ് (സമ്പൂർണ്ണ സ്വാതന്ത്ര്യം) എന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് പ്രമേയം പാസാക്കുകയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പൂർണ്ണ സ്വരാജ് പ്രമേയം പാസ്സാക്കുന്നതിന് (1929) എത്രയോ മുമ്പ് തന്നെ AITUC അത് ആവശ്യപ്പെട്ടിരുന്നു എന്ന് മനസ്സിലാക്കാം. തുടക്കം മുതൽക്കേ തന്നെ എ.ഐ.ടി.യു.സി സ്വാതന്ത്ര സമര പ്രസ്ഥാനവുമായും സോഷ്യലിസ്റ്റ് ആശയങ്ങൾ ഉൾക്കൊള്ളുന്ന സംഘടനകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് തന്നെ (1927 മുതൽ) AITUC മെയ് ദിനം ആചരിച്ചു വരുന്നു. രൂപീകൃതമായ നാൾ മുതൽ തന്നെ AITUC അന്താരാഷ്ട്ര തൊഴിൽ സംഘടനയിൽ (ILO) അംഗമാണ്. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് 1945 ഒക്ടോബർ 3 ന് ഗ്രീസിലെ ഏതൻസ് ആസ്ഥാനമാക്കി സ്ഥാപിതമായ വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് രൂപീകരിക്കുന്നതിൽ AITUC നിർണായക പങ്കു വഹിച്ചു. AITUC യുടെ എല്ലാ സമ്മേളനങ്ങളിലും രാജ്യാന്തര പ്രതിനിധികൾ നേരിട്ട് പങ്കെടുക്കുകയോ ഐക്യദാർഢ്യ സന്ദേശങ്ങൾ അയക്കുകയോ പതിവാണ്.




**കോർപ്പറേറ്റുകൾക്കു വേണ്ടി കെട്ടിയാടുന്ന ഭരണവർഗ്ഗത്തിനെതിരെ തൊഴിലാളി വർഗ്ഗത്തിന്റെ ശക്തമായ ഐക്യനിര കെട്ടിപ്പടുക്കാൻ കഴിയുന്നത് ശുഭോദർക്കമാണ് ആധുനിക ഇന്ത്യയിലെ തൊഴിലാളി ഐക്യപ്രസ്ഥാനത്തിന്റെ ശിൽപ്പികളിൽ പ്രധാനിയായ ഗുരുദാസ് ദാസ് ഗുപ്തയുടെ വാക്കുകൾ പ്രതിജ്ഞാവാചകമാക്കി നമുക്ക് മുന്നേറാം. ജീവിക്കാനായി പോരാടൂ, പോരാട്ടങ്ങളിലൂടെ ജീവിക്കൂ**

## ഇതര ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ

1925 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമാവുന്നതിന് മുമ്പുതന്നെ ട്രേഡ് യൂണിയനുകൾ രൂപീകരിക്കുന്നതിനും പ്രവർത്തിക്കുന്നതിനും കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾ തൊഴിലാളികളെ സഹായിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളുടെ നിയന്ത്രണത്തിലുള്ള ട്രേഡ് യൂണിയനുകളുടെ നേതാക്കൾ AITUC യുടെ നേതൃത്വത്തിലേക്ക് ഉയർന്നത് സ്വാഭാവികം മാത്രമായിരുന്നു. ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളിൽ കമ്മ്യൂണിസ്റ്റ് സ്വാധീനം ഇല്ലാതാക്കുന്നതിനു വേണ്ടി ബ്രിട്ടീഷ് ഗവൺമെന്റ് പബ്ലിക് സേഫ്റ്റി ആക്ട്, ട്രേഡ് ഡിസ്പ്യൂട്ട് ആക്ട് എന്നിവ കൊണ്ടുവന്നു. കമ്മ്യൂണിസ്റ്റ് യൂണിയൻ നേതൃത്വത്തെ ഒന്നടങ്കം തടവിലാക്കുകയും മീററ്റ് ഗൂഡാലോചന കേസിൽ അവരെ പ്രതികളാക്കുകയും ചെയ്തു. AITUC യിൽ തിരിച്ചെത്തിയ അവർ ശക്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയി. ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തെ ഒറ്റക്കെട്ടായി ദേശീയ പ്രസ്ഥാനത്തോടൊപ്പം അണിനിരത്താൻ AITUC ക്ക് കഴിഞ്ഞു. 1947 ൽ ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യം നേടുമ്പോൾ ഇന്ത്യൻ തൊഴിലാളി വർഗ്ഗം ഒറ്റക്കെട്ടായി AITUC യുടെ കൊടിക്കീഴിലായിരുന്നു.

സ്വാതന്ത്ര്യ ലബ്ധിക്ക് തൊട്ട് പിന്നാലെ 1947 ൽ AITUC ലെ കോൺഗ്രസ്സ് അനുഭാവികൾ ചേർന്ന് ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് (INTUC) എന്ന സംഘടനയ്ക്ക് രൂപം നൽകി. 1948 ൽ സോഷ്യലിസ്റ്റുകളുടെ നേതൃത്വത്തിൽ ഹിന്ദു മസ്ദൂർ സംഘ് (എച്ച്.എം.എസ്) സ്ഥാപിക്കപ്പെട്ടു. 1956 ൽ ആർ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ഭാരതീയ മസ്ദൂർ സംഘ് (ബി.എം.എസ്) എന്ന മറ്റൊരു തൊഴിലാളി സംഘടന കൂടി ആവിർഭവിച്ചു. ട്രേഡ് യൂണിയൻ കോ-ഓർഡിനേഷൻ കമ്മിറ്റി(ടി.യു.സി.സി) യുണൈറ്റഡ് ട്രേഡ് യൂണിയൻ കോൺഗ്രസ്സ് (യു.റ്റി.യു.സി) എന്നീ സംഘടനകൾ 1960 കളിലും സെന്റർ ഓഫ് ഇന്ത്യൻ ട്രേഡ് യൂണിയൻസ് (സി.ഐ.ടി.യു) 1970 ലും നിലവിൽ വന്നു. ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എ.ഐ.യു.ടി.യു.സി) ആൾ ഇന്ത്യ സെൻട്രൽ കൗൺസിൽ ഓഫ് ട്രേഡ് യൂണിയൻസ്( AICCTU) എന്നീ സംഘടനകളും പിന്നീട് ഉദയം ചെയ്തു. പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ ആവിർഭാവത്തോടെ അവരെ പിന്തുണയ്ക്കുന്ന ട്രേഡ് യൂണിയനുകളും പിറന്നു. ഇന്ന് ദേശീയ തലത്തിൽ അംഗീകാരമുള്ള 12




കേന്ദ്ര ട്രേഡ് യൂണിയനുകൾ പ്രവൃത്തിക്കുന്നു.

## ചരിത്രത്തിന്റെ തനിയാവർത്തനം

ജീവൻ ബലിയർപ്പിച്ച നിരവധിയാളുകൾ, കൊടിയ മർദ്ദനങ്ങൾ ഏറ്റുവാങ്ങിയവർ, പുറംലോകം കാണിക്കാതെ തുറങ്കിലടക്കപ്പെട്ടവർ, തൂക്കിലേറ്റപ്പെട്ടവർ, സമരം ചെയ്തതിന്റെ പേരിൽ കുടുംബങ്ങളിൽ നിന്നും തിരസ്കൃതമായവർ, സമരങ്ങളുടെ പേരിൽ വേട്ടയാടപ്പെട്ട കുടുംബങ്ങൾ അങ്ങനെ മഹാപരിശ്രമ ശാലികളാ വിപ്ലവകാരികൾ നടത്തിയ ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളിലൂടെ നേടിയെടുത്തതാണ് രാജ്യത്തിന്റെ സ്വാതന്ത്ര്യവും ഇന്ത്യയിലെ തൊഴിൽ നിയമങ്ങളും. ഇവ നേടുന്നതിനു വേണ്ടി തൊഴിലാളി വർഗ്ഗത്തെ ഒറ്റക്കെട്ടായി അണിനിരത്തിയ സംഘടനയാണ് എ.ഐ.റ്റി.യു.സി. ഇന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യവും തൊഴിൽ മേഖലയും ഒരേ പോലെ അപകടത്തിലാണ്. കച്ചവടത്തിന് ഒരിത്തിരി ഇടം ചോദിച്ചു വന്നവർ രാജ്യത്തെ കച്ചവടം മുഴുവൻ കൈക്കലാക്കുകയും ഒടുവിൽ രാജ്യത്തെ തന്നെ കീഴ്പ്പെടുത്തുകയും ചെയ്തതാണ് രാജ്യത്തിന്റെ ചരിത്രം. ഇന്ന് ഇന്ത്യയുടെ സമ്പത്തിന്റെ 70 ശതമാനത്തിലധികം കൈയടിക്കുന്നത് വിദേശികൾ അടക്കമുള്ള കോർപ്പറേറ്റുകളുടെ കയ്യിലായി കഴിഞ്ഞു. പൊതുമേഖലകളെല്ലാം അവർക്ക് അടിയറ വയ്ക്കുന്നു. രാജ്യത്തിന്റെ സമ്പത്തിന്റെ സിംഹഭാഗവും കൈവശം വച്ചിരിക്കുന്ന കോർപ്പറേറ്റുകളാണോ ബാക്കി മാത്രം കൈമുതലായുള്ള ഭരണാധികാരികളാണോ ഇന്ത്യയുടെ സാമ്പത്തിക നയം തീരുമാനിക്കുന്നത് എന്നത് പ്രസക്തമായ ചോദ്യമാണ്. ബ്രിട്ടീഷുകാർ മുതലാളിമാർക്കു വേണ്ടി തൊഴിൽ തൊഴിൽ നിയമങ്ങൾ ഉണ്ടാക്കിയതു പോലെ ഇന്ന് ഇന്ത്യയിൽ കോർപ്പറേറ്റുകൾക്ക് വേണ്ടി തൊഴിൽ നിമയങ്ങൾ മാറ്റി എഴുതപ്പെടുന്നു. പ്രതിഷേധത്തിന്റെ സ്വരമുയർത്തുന്നവർ വേട്ടയാടപ്പെടുന്നു. സമരങ്ങളെ തടയാൻ നിയമനിർമ്മണങ്ങൾ നടത്തിയ ബ്രിട്ടീഷ് ഭരണത്തിന്റെ തനിയാവർത്തനമാണ് ഇപ്പോൾ നടക്കുന്നത്.

> **1925 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമാവുന്നതിന് മുമ്പുതന്നെ ട്രേഡ് യൂണിയനുകൾ രൂപീകരിക്കുന്നതിനും പ്രവർത്തിക്കുന്നതിനും കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾ തൊഴിലാളികളെ സഹായിച്ചിരുന്നു.**




സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്ത് AITUC യുടെ കൊടിക്കീഴിൽ ഒറ്റക്കെട്ടായി അണിനിരന്ന ഇന്ത്യൻ തൊഴിലാളി വർഗ്ഗം രാഷ്ട്രീയപരവും അല്ലാത്ത മറ്റു പല കാരണങ്ങളാലും ചെറുതും വലുതുമായ ഒട്ടേറെ സംഘടനകളായി പിരിഞ്ഞു. എന്നാൽ 1990 ന് ശേഷം ഇന്ത്യയിൽ നടപ്പിലാക്കി വരുന്ന ജനവിരുദ്ധ-തൊഴിലാളി വിരുദ്ധ പരിഷ്കാരങ്ങൾ തൊഴിലാളി വർഗ്ഗത്തിന്റെ വലിയ അംസ്യപ്തിക്ക് ഇടയാക്കുകയും ഭരണ-പ്രതിപക്ഷ സംഘടനകൾ എന്ന ഭേദമില്ലാതെ തൊഴിലാളി വർഗ്ഗത്തിന്റെ വലിയ ഒരു ഐക്യത്തിൽ കെട്ടിപ്പടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. 2008 ന് ശേഷം സംയുക്ത ട്രേഡ് യൂണയൻ പ്രസ്ഥാനങ്ങളുടെ ദേശീയ അടിസ്ഥാനത്തിലുള്ള സമരം ശക്തിപ്പെട്ട് വരുന്നു. ദേശീയ സമരങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിരിക്കുന്നു. 2019 ജനുവരി 8 ന് നടന്ന ദേശീയ പണിമുടക്കിൽ 25 കോടി തൊഴിലാളികൾ പങ്കെടുത്തതായി കണക്കാക്കുന്നു. ഭരണഘടനയുടെ അടിസ്ഥാന ശിലകൾ പോലും ഇളക്കിമാറ്റിയുള്ള നിയമഭേദഗതികളും തൊഴിലാളിദ്രോഹ പരിഷ്കാരങ്ങളും നടപ്പിലാക്കുന്ന, കോർപ്പറേറ്റുകൾക്കു വേണ്ടി കെട്ടിയാടുന്ന ഭരണവർഗ്ഗത്തിനെതിരെ തൊഴിലാളി വർഗ്ഗത്തിന്റെ ശക്തമായ ഐക്യനിര കെട്ടിപ്പടുക്കാൻ കഴിയുന്നത് ശുഭോദർക്കമാണ് ആധുനിക ഇന്ത്യയിലെ തൊഴിലാളി ഐക്യപ്രസ്ഥാനത്തിന്റെ ശിൽപ്പികളിൽ പ്രധാനിയായ ഗുരുദാസ് ദാസ് ഗുപ്തയുടെ വാക്കുകൾ പ്രതിജ്ഞാവാചകമാക്കി നമുക്ക് മുന്നേറാം. ജീവിക്കാനായി പോരാടൂ, പോരാട്ടങ്ങളിലൂടെ ജീവിക്കൂ.■



*പഴയ തലമുറയിലും, പുതുതലമുറയിലും ഒട്ടേറെ സുഹൃദ് ബന്ധമുള്ള ശ്രീ.ശശിധരൻ പിള്ളയുടെ വേർപാട് ട്രേഡ് യുണിയനും പെൻഷൻ സംഘടനയ്ക്കും വലിയ നഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ നമ്ര ശിരസ്കരാകുന്നു.*

# എം. ശശിധരൻ പിള്ള ഓർമ്മയായി

## വിട പറഞ്ഞത് വർക്കേഴ്സ് ഫെഡറേഷന്റെ സ്ഥാപക നേതാക്കളിൽ പ്രമുഖൻ



എം.ശശിധരൻ പിള്ള ഓർമ്മയായി. 33 വർഷം വൈദ്യുതി ബോർഡിലെ ട്രേഡ് യൂണിയൻ രംഗത്തും ശേഷം കെ.എസ്.ഇ.ബി പെൻഷനേഴ്സ് അസോസിയേഷനിലും നിറസാന്നിദ്ധ്യമായിരുന്നു അദ്ദേഹം.

1965 മുതൽ വൈദ്യുതി ബോർഡിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിൽ അവിസ്മരണീയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. യശ:ശരീരനായ സിപിഐ നേതാവ് കെ.ടി ജേക്കബിനോടൊപ്പം, 1960 കളുടെ അവസാനം മുതൽ സിവിൽ ബ്രാഞ്ച് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. സംഘടനാ പ്രസിഡന്റ് ജേക്കബ് ആശാൻ, ജന: സെക്രട്ടറി.ശശിധരൻ പിള്ള, വൈസ് പ്രസിഡന്റ് ദാസയ്യൻ നാടാർ എന്നീ ത്രിമൂർത്തികൾ സിവിൽ ജീവനക്കാരുടെയും, തൊഴിലാളികളുടെ ആകെത്തന്നെയും സേവന വ്യവസ്ഥകൾ ആകർഷകമാക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു.

ജലവൈദ്യുത പദ്ധതികളുടെ രൂപരേഖ മുതൽ പൂർത്തീകരണം വരെയുള്ള കാലയളവിൽ വളരെ പ്രതികൂല സാഹചര്യങ്ങളോടു മല്ലിടേണ്ടി വരുന്ന സിവിൽ ജീവനക്കാരുടെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് പരിഹാരം തേടുന്നതിൽ ശശിധരൻ പിള്ളയുടെ പങ്ക് ശ്രദ്ധേയമായിരുന്നു. വൈദ്യുതി ബോർഡിലെ മൊത്തം തൊഴിലാളികളേയും പ്രതിനിധീകരിച്ച ഏകോപന സമിതിയിലും 1975 ൽ ഏകോപന സമിതി ഒന്നായി കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ എന്ന പൊതു സംഘടന രൂപീകരിച്ചപ്പോൾ അതിന്റെ സെക്രട്ടറിയായും പ്രവർത്തിച്ച ശശിധരൻ പിള്ള കുറച്ചു കാലം കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷന്റെ പ്രസിഡന്റുമായിരുന്നു. 1983 - ലെ തൊഴിലാളി സമരങ്ങളിൽ നേതൃനിരയിൽ പ്രവർത്തിച്ച് കഠിനമായ യാതനകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. റിട്ടയർമെന്റിനു ശേഷം 2019 - വരെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പെൻഷനേഴ്സ് അസോസിയേഷനിൽ സംസ്ഥാന ഭാരവാഹിയായി പ്രവർത്തിച്ചു. സിപിഐയുടെ കൊല്ലം ജില്ലയിലെ സജീവ പ്രവർത്തകനായിരുന്നു.

സംഘടനാ പ്രവർത്തകരോട് ഏതു ഘട്ടത്തിലും സൗഹൃദം പുലർത്തിയിരുന്ന ശശിധരൻപിള്ള മാനേജുമെന്റുമായുള്ള ചർച്ചകളിൽ പല ഘട്ടങ്ങളിലും രോഷാകുലനുമായിരുന്നു. ശശിധരൻ പിള്ളയോടൊപ്പം ട്രേഡു യൂണിയൻ രംഗത്തും, പെൻഷൻ സംഘടനയിലും ഏറെക്കാലം പ്രവർത്തിച്ച എനിക്ക് അദ്ദേഹത്തിന്റെ പ്രവർത്തന ശൈലി ഹൃദ്യവും അനുകരണീയവുമായി തോന്നിയിട്ടുണ്ട്. സംഘടന ഏൽപ്പിക്കുന്ന ഏതു ചുമതലയും വൈമനസ്യമില്ലാതെ ഏറ്റെടുത്ത് നിർവ്വഹിച്ചു എന്നതാണ് ശശിധരൻ പിള്ളയെ എപ്പോഴും ശ്രദ്ധേയനാക്കിയിട്ടുള്ളത്. പഴയ തലമുറയിലും, പുതുതലമുറയിലും ഒട്ടേറെ സുഹൃദ് ബന്ധമുള്ള ശ്രീ.ശശിധരൻ പിള്ളയുടെ വേർപാട് ട്രേഡ് യൂണിയനും പെൻഷൻ സംഘടനയ്ക്കും വലിയ നഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ നമ്ര ശിരസ്കരാകുന്നു. ■

# തൊഴിലാളി സമ്പർക്കജാഥ



ചാത്തന്നൂർ: ഉദ്ഘാടനം – സ: ജി.എസ്. ജയലാൽ എംഎൽഎ




കൊല്ലം: ഉദ്ഘാടനം – സ: ജി. ബാബു, എഐടിയുസി ജില്ലാ സെക്രട്ടറി





പുനലൂർ: ഉദ്ഘാടനം – സ: എസ്. വേണുഗോപാൽ, കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്



കുണ്ടറ: ഉദ്ഘാടനം – സ: അഡ്വ. സി.ജി. ഗോപുകൃഷ്ണൻ, എഐടിയുസി ജില്ലാ ജോയിന്റ് സെക്രട്ടറി



കരുനാഗപ്പള്ളി: ഉദ്ഘാടനം – സ: സുഗതൻപിള്ള, വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന നിർവ്വാഹക സമിതി അംഗം

# ക്വാട്ട പ്രമോഷൻ സമ്പ്രദായം അട്ടിമറിക്കുന്നതിനെതിരെ പ്രതിഷേധം




പാലക്കാട്: സ: കെ.ആർ. മോഹൻദാസ്, സംസ്ഥാന ട്രഷറർ സംസാരിക്കുന്നു.



ക്വാട്ട പ്രമോഷൻ അട്ടിമറിക്കുന്നതിനെതിരെ തൃശൂർ വൈദ്യുതി ഭവനുമുന്നിൽ പ്രതിഷേധം





കണ്ണൂർ: സ: ജോസഫ് ടോബൻ, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി സംസാരിക്കുന്നു.




പത്തനംതിട്ട: സ: ടി.ജെ. ബാബുരാജ്, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി സംസാരിക്കുന്നു.




അവകാശസംരക്ഷണ ദിനം, പെരുമ്പാവൂർ സർക്കിൾ ഓഫീസിലേക്ക് പ്രകടനവും യോഗവും സംസ്ഥാന സെക്രട്ടറി സ: ജേക്കബ് ലാസർ ഉദ്ഘാടനം ചെയ്യുന്നു



അവകാശസംരക്ഷണ ദിനം, എറണാകുളം സർക്കിൾ ഓഫീസിലേക്ക് പ്രകടനവും യോഗവും സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി സ: കെ സി മണി ഉദ്ഘാടനം ചെയ്യുന്നു. 21



ദേശീയ പണിമുടക്ക് വിശദീകരണം ആര്യനാട് സെക്ഷൻ: ഉദ്ഘാടനം -സ: ടി. ഷാജികുമാർ, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി




ക്യാട്ട പ്രമോഷൻ സമ്പ്രദായം അട്ടിമറിക്കുന്നതിനെതിരെ കൊല്ലം പവർഹൗസിൽ നടന്ന പ്രതിഷേധ യോഗം




ദേശീയ പണിമുടക്ക്: വൈദ്യുതി ജീവനക്കാരുടെ സായാഹ്ന സദസ് - കൊല്ലം





തൊഴിലാളി സമ്പർക്ക ജാഥ കുണ്ടറ ഡിവിഷൻ: സ: പി. മുരളീധരൻ, സംസ്ഥാന വൈസ് പ്രസിഡന്റ് സംസാരിക്കുന്നു.



ബാലുശ്ശേരി ഡിവിഷൻ ജനറൽ ബോഡി സ: എം. വിനോദ് ഉദ്ഘാടനം ചെയ്യുന്നു.



ദേശീയ പണിമുടക്ക് - എടപ്പാളിൽ നടത്തിയ വിശദീകരണ യോഗം മലപ്പുറം ജില്ലാ സെക്രട്ടറി സ: ടി. ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു

*അതാത് മാസം പാസാകുന്ന പെൻഷൻ ബില്ലുകൾ വിതരണം ചെയ്യുന്നതിനുള്ള തുക മാത്രം വൈദ്യുത ബോർഡ് ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിലേക്ക് കൈമാറുകയും ആ തുക ഉപയോഗിച്ച് ട്രസ്റ്റ് പെൻഷൻ വിതരണം നടത്തുകയുമാണിപ്പോൾ. ബോർഡ് ഈയിനത്തിൽ കൈമാറുന്ന തുക ബോണ്ടിന്റെ തിരിച്ചടവായി കണക്കിൽ എഴുതുന്നു. മാസ്റ്റർ ട്രസ്റ്റ് വരവായി അതേ തുക കണക്കിൽ എഴുതുന്നു. ഇങ്ങനെ കണക്കിൽ മാത്രം നിലനില്ക്കുന്ന ഒന്നായി പെൻഷൻ ഫണ്ട് മാറിയിരിക്കുന്നു.*





# പെൻഷൻ ഫണ്ട്

## ചില ഓർമ്മപ്പെടുത്തലുകൾ

**നാളിതുവരെയുള്ള അനുഭവം ബോദ്ധ്യപ്പെടുത്തുന്നത് പെൻഷൻ ഫണ്ട് കടലാസ് ഫണ്ടായി തുടരുന്നു എന്നാണ്.**

സംസ്ഥാന വൈദ്യുത ബോർഡിന്റെ രൂപമാറ്റം പല പ്രശ്നങ്ങൾക്കും വഴിവെച്ചിരുന്നു. പൊതുസമൂഹത്തിലും ഉപഭോക്താക്കളിലും പെൻഷൻകാരിലും ജീവനക്കാരിലും ആ കാലം ഉണ്ടാക്കിയ ആശങ്കകൾ വളരെ വലുതായിരുന്നു. ബോർഡ് കമ്പനിയാകുമ്പോൾ അതിന്റെ പൊതുമേഖലാ സ്വഭാവത്തിന്റെ ഭാവി എന്തായിരിക്കും എന്നതായിരുന്നു ജീവനക്കാരും പൊതുസമൂഹവും ഏറ്റവുമികം ചർച്ച ചെയ്തത്. വൈദ്യുത ഉപഭോക്താക്കൾ തങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളുടെ ഗുണനിലവാരത്തെയും അതിന് കൊടുക്കേണ്ടി വരുന്ന വിലയേയും കുറിച്ചാണ് ആശങ്കപ്പെട്ടത്. പെൻഷൻവിതരണം തൽസ്ഥിതിയിൽ അഭംഗുരം തുടരുമോ എന്നതായിരുന്നു പെൻഷൻ പറ്റിയവരുടെ ചോദ്യം. ജീവനക്കാരിലും ഇതേ ചോദ്യം തന്നെ ഉണ്ടായിരുന്നു. അതോടൊപ്പം സേവന വേതന വ്യവസ്ഥകളെയും ഒഴിവുകൾ പ്രമോഷനുകൾ എന്നിവയെപ്പറ്റിയും അവർ ആശങ്കയിലായിരുന്നു. കമ്പനി രൂപീകരണവും കമ്പനിയായുള്ള പ്രവർത്തനം ആരംഭിച്ചതുമെല്ലാം ഈ ആശങ്കകളുടെയും ആകാംക്ഷകളുടെയും മദ്ധ്യേയായിരുന്നു. വലിയ ചർച്ചകളും പ്രക്ഷോഭങ്ങളും അക്കാലത്ത് ഉണ്ടായി. പല അഭ്യൂഹങ്ങളും കിംവദന്തികളും അക്കാലത്ത് ഉയർന്നുവന്നു. കലുഷിതമായ ആ കാലത്ത് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെന്ന നിലയിലാണ് കമ്പനിവത്കരണ കൈമാറ്റ പദ്ധതി പ്രഖ്യാപിക്കപ്പെടുന്നത്. അതിന്റെ ഭാഗമായാണ് ത്രികക്ഷി കരാർ രൂപപ്പെട്ടത്. ട്രാൻസ്ഫർ സ്കീമും ട്രൈ പാർട്ടൈറ്റ് എഗ്രിമെന്റും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരവും എല്ലാ ചോദ്യങ്ങൾക്കും ഉത്തരവും നല്കുമെന്ന് മാനേജ്

മെന്റും ഒരു വിഭാഗം സംഘടനകളും പ്രചരിപ്പിച്ചു. അതിനെതിരെ ന്യൂനപക്ഷമെങ്കിലും ഒരു വിഭാഗം സംഘടനകളും രംഗത്തെത്തി. രണ്ടു കാര്യങ്ങളിലായിരുന്നു പ്രധാനമായും ഈ അഭിപ്രായ വ്യത്യാസങ്ങൾ. അത് കമ്പനിയുടെ രൂപത്തെയും പെൻഷൻ വിതരണത്തെയും സംബന്ധിച്ചായിരുന്നു. കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കമ്പനിക്ക് പകരം സംസ്ഥാന നിയമസഭ പാസാക്കുന്ന പ്രത്യേക നിയമത്തിൻ കീഴിൽ രൂപീകൃതമാകുന്ന ഒരു സ്റ്റാറ്റ്യൂട്ടറി കമ്പനി വേണമെന്ന് ഈ ന്യൂനപക്ഷം ആവശ്യപ്പെട്ടു. അതു കൂടാതെ പെൻഷൻ വിതരണം പുതിയ കമ്പനിയുടെ ഉത്തരവാദിത്തമാക്കണമെന്നും പ്രത്യേക പെൻഷൻ ഫണ്ട് വേണ്ട എന്നും ഈ ന്യൂനപക്ഷം നിലപാടെടുത്തു. ഈ ന്യൂനപക്ഷത്തിൽ ഉണ്ടായിരുന്നത് കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷനും(AITUC) കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷനും മാത്രമായിരുന്നു. വൈദ്യുത ബോർഡിലെ അംഗബലത്തിൽ അന്ന് മുൻപന്തിയിലായിരുന്ന കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷനും (CITU) കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷനും (INTUC) ത്രികക്ഷി കരാറിൽ ഒപ്പിടുന്നതോടെ കൈമാറ്റ ഉടമ്പടി പ്രാബല്യത്തിൽ വന്നു. ആശങ്കകൾക്കും ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കാതെ പോവുകയും ചെയ്തു.

## പെൻഷൻ ഫണ്ട്

വളരെ എതിർപ്പുകൾ നേരിടേണ്ടി വന്നെങ്കിലും ത്രികക്ഷി കരാറിൽ വ്യവസ്ഥ ചെയ്യപ്പെട്ട പോലെ സംസ്ഥാന വൈദ്യുത ബോർഡ് ലിമിറ്റഡിലെ പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കപ്പെട്ടു. സാമൂഹ്യ സുരക്ഷാ പദ്ധതിയായ പെൻഷൻ അങ്ങനെ ഫണ്ടിന്റെ പരിധിക്കുള്ളിലേക്ക് പരിമിതപ്പെട്ടു. മാറ്റിവക്കപ്പെട്ട ശമ്പളമായ പെൻഷന്റെ മാറ്റു കുറയ്ക്കുന്ന നടപടിയായി മാറി ഫണ്ട് രൂപീകരണം. കേട്ടുകേൾവിപോലും ഇല്ലാത്തവിധം ടെർമിനൽ ലീവ് സറണ്ടർ തുകയുടെ വിതരണവും ഫണ്ടിൽ നിന്നാക്കി ഉത്തരവായി. 2015 ഫെബ്രുവരി 12-ാം തീയതി മാസ്റ്റർ ട്രസ്റ്റ് രൂപീകരണം നടന്നതോടെ പെൻഷൻ ഫണ്ടിന്റെ ചട്ടക്കൂട് രൂപപ്പെട്ടു. 2016 ജനുവരി 1 മുതൽ പെൻഷൻ വിതരണം പെൻഷൻ മാസ്റ്റർ ട്രസ്റ്റിൽ നിന്ന് നടന്നു വരുന്നു. പെൻഷൻ വിതരണം പുത്തൻരൂപത്തിലായിട്ട് 5-ാം വർഷത്തിലേക്ക് കടന്നിരിക്കുന്നു. പെൻഷൻ ഫണ്ടിന്റെയും മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ഇതിനകം ബന്ധപ്പെട്ട എല്ലാവരുടെയും വിലയിരുത്തലിന് വിധേയമായിട്ടുണ്ട്. രൂപീകരണ സമയത്ത് വിഭാവനം ചെയ്യപ്പെട്ടത് പെൻഷൻ ഫണ്ടിനായി ബോണ്ടുകൾ നൽകപ്പെടുമെന്നാണ്. എന്നാൽ 2017 ഏപ്രിൽ മാസത്തിൽ മാത്രമാണ് ബോണ്ടുകൾ നൽകപ്പെട്ടത്. 2 സീരീസ് ബോണ്ടുകളാണ് നൽകപ്പെട്ടത്. 10 ശതമാനം പലിശ നിരക്കിൽ 20 വർഷം കാലാവധിയുള്ള 8144 കോടി രൂപയുടെ ബോണ്ട് വൈദ്യുത ബോർഡ് ലിമിറ്റഡ് നല്കി. 9 ശതമാനം പലിശ നിരക്കിൽ 10 വർഷക്കാലാവധിയുള്ള 3751 കോടി രൂപയുടെ ബോണ്ട് സംസ്ഥാന ഗവൺമെന്റും നല്കി. ബോണ്ടുകളുടെ മുതലും പലിശയും തിരിച്ചടക്കപ്പെടുമ്പോൾ പെൻഷൻ വിതരണത്തിനാവശ്യമായ തുക പെൻഷൻ ഫണ്ടിലെത്തുകയും മാസ്റ്റർ ട്രസ്റ്റ് ആ തുക പെൻഷൻ വിതരണത്തിന് ഉപയോഗിക്കുകയും വേണം. സംസ്ഥാന ഗവൺമെന്റിന്റെ മുതൽ പലിശയിനങ്ങളിലെ തിരിച്ചടവ് പ്രതിവർഷം 586 കോടി രൂപ ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

നാളിതുവരെയുള്ള അനുഭവം ബോദ്ധ്യപ്പെടുത്തുന്നത് പെൻഷൻ ഫണ്ട് കടലാസ് ഫണ്ടായി തുടരുന്നു എന്നാണ്. പെൻഷൻ ബാധ്യതയേയും പെൻഷൻ ഫണ്ടിന്റെ തുകയേയും സംബന്ധിച്ച് കണക്കെടുപ്പും ആലോചനകളും നടന്ന വിവിധ ഘട്ടങ്ങളിൽ 4500 കോടി 7500 കോടി 9300 കോടി എന്നിങ്ങനെ നിർദ്ദേശിക്കപ്പെട്ടു. 31/10/2013 ൽ 12418.72 കോടി രൂപാ ആയി കണക്കാക്കിയ പെൻഷൻ ബാധ്യതയെ അടിസ്ഥാനമാക്കിയാണ് പെൻഷൻ ഫണ്ട് രൂപീകരണം നടന്നത്. 31/3/2017 ൽ പെൻഷൻ ബാധ്യത 16147.7 കോടി രൂപാ എന്ന ആക്ച്ചൂറിയൻ വാലുവേഷൻ പെൻഷൻ മാസ്റ്റർ ട്രസ്റ്റ് യോഗം അംഗീകരിച്ചിട്ടുള്ളതാണ്. ഏതാണ്ട് മൂന്നര വർഷത്തിനുള്ളിൽ പെൻഷൻ ബാധ്യതയിലുണ്ടായ വർദ്ധനവ് 3728.98 കോടി രൂപ ആണ്. ഇത് 30.03 ശതമാനം വരും. ഈ തുക ത്രികക്ഷി കരാറിലെ വ്യവസ്ഥ അംഗീകരിച്ചാണെങ്കിൽ വൈദ്യുത ബോർഡ് ലിമിറ്റഡ് പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്ക് കൈമാറേണ്ടിയിരിക്കുന്നു. അതല്ലായെങ്കിൽ ആ തുകയ്ക്കുള്ള അധിക ബോണ്ട് മാസ്റ്റർ ട്രസ്റ്റിന് നല്കണമായിരുന്നു, അത്



നടന്നിട്ടില്ല. സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷനിൽ നിന്നുൾപ്പെടെ വിമർശനം ഏറ്റുവാങ്ങേണ്ടി വന്ന നടപടിയാണിത്. വരുന്ന 2020 മാർച്ച് 31 വെച്ച് പെൻഷൻ ബാധ്യത കണക്കാക്കപ്പെടുമ്പോൾ 25000 കോടി രൂപയുടെ അടുത്തായിരിക്കുവാനാണ് സാധ്യത. ഗ്രാറ്റുവിറ്റി 30 ലക്ഷം രൂപയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് ഈയിനത്തിൽ ഭീമമായ വർദ്ധനവിന് വഴിവക്കും. ജീവിത വില സൂചിക അടിസ്ഥാനമായ ക്ഷാമബത്ത പ്രഖ്യാപിക്കുന്നതും ശമ്പള പരിഷ്കരണവും ഇൻക്രിമെന്റുകളും ഗ്രേഡ് പ്രമോഷനുമെല്ലാം പെൻഷൻ ബാധ്യതയിൽ വർദ്ധനവ് ആയി പരിണമിക്കുന്നു. സുഗമമായ പെൻഷൻ വിതരണം ഉറപ്പാക്കുന്നതിന് പെൻഷൻ ഫണ്ടിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നതും, കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവ് ഉൾക്കൊണ്ടു പോകുന്നതിനാവശ്യവുമായ തുക ഉണ്ടായിരിക്കണം. ബോണ്ടിന്റെ തിരിച്ചടവ് ഫണ്ടിലേക്ക് വരുന്നില്ല എന്നു മാത്രമല്ല പെൻഷൻ ബാധ്യതാ വർദ്ധനവിന് തുക വകയിരുത്തുന്നുമില്ല. അതാത് മാസം പാസാകുന്ന പെൻഷൻ ബില്ലുകൾ വിതരണം ചെയ്യുന്നതിനുള്ള തുക മാത്രം വൈദ്യുത ബോർഡ് ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിലേക്ക് കൈമാറുകയും ആ തുക ഉപയോഗിച്ച് ട്രസ്റ്റ് പെൻഷൻ വിതരണം നടത്തുകയുമാണിപ്പോൾ. ബോർഡ് ഈയിനത്തിൽ കൈമാറുന്ന തുക ബോണ്ടിന്റെ തിരിച്ചടവായി കണക്കിൽ എഴുതുന്നു. മാസ്റ്റർ ട്രസ്റ്റ് വരവായി അതേ തുക കണക്കിൽ എഴുതുന്നു. ഇങ്ങനെ കണക്കിൽ മാത്രം നിലനില്ക്കുന്ന ഒന്നായി പെൻഷൻ ഫണ്ട് മാറിയിരിക്കുന്നു.



**കമ്പനിയായി മാറുമ്പോൾ ലഭിക്കേണ്ടിയിരുന്ന ഏറ്റവും വലിയ ആനുകൂല്യം പെൻഷൻ പ്രായ വർധനവ് ആയിരുന്നു. ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡേഴ്സ്) നിയമപ്രകാരം പെൻഷൻപ്രായം 58 ആകേണ്ടതായിരുന്നു. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പെൻഷൻ പ്രായം ഉള്ള കമ്പനിയും വൈദ്യുത സ്ഥാപനവും കെ.എസ്.ഇ.ബി ലിമിറ്റഡ് ആണ്.**

കൈമാറ്റ പദ്ധതിയുടെ ഭാഗമായി ത്രികക്ഷി കരാറിൽ ഒപ്പിടുമ്പോൾ ഉണ്ടായ ധാരണകളൊന്നും നടപ്പിലാക്കപ്പെടുന്നില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. കമ്പനിയിലേക്കുള്ള രൂപമാറ്റം സുഗമമാക്കാൻ വാഗ്ദാനങ്ങൾ നല്കി ജീവനക്കാരെയും പെൻഷൻകാരെയും കബളിപ്പിക്കുകയായിരുന്നു എന്നു വേണം കരുതാൻ. കമ്പനിവത്ക്കരണത്തിന്റെ നേട്ടങ്ങൾ ഒന്നും കിട്ടിയില്ല എന്നു മാത്രമല്ല ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടി വരുന്ന സാഹചര്യമാണിന്നുള്ളത്. ബോർഡായിരുന്നപ്പോൾ ഇല്ലാതിരുന്ന ഇൻകം ടാക്സ് ഇന്ന് കമ്പനിയായപ്പോൾ കൊടുക്കേണ്ടി വരുന്നു. ടെർമിനൽ ലീവ് സറണ്ടറിനും പെൻഷൻ കമ്യൂട്ടേഷനും ക്വാർട്ടേഴ്സിലെ താമസത്തിനും ബോർഡായിരുന്നപ്പോൾ ഇൻകം ടാക്സ് കൊടുക്കേണ്ടായിരുന്നു. ഇപ്പോൾ കമ്പനിയായപ്പോൾ കൊടുക്കേണ്ടി വരുന്നു. കൈമാറ്റ ഉടമ്പടിയുടെ സമയത്ത് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ബോർഡിലേതിനേക്കാൾ കമ്പനിയിൽ കുറവായിരിക്കില്ല എന്ന് വ്യവസ്ഥ ചെയ്തിരുന്നു എങ്കിൽ, ഓരോ ദിവസവും പുറത്തു വരുന്ന കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉത്തരവുകളിലൂടെ നിരവധി തസ്തികകൾ ഇല്ലാതാകുന്നു. പ്രൊമോഷൻ സാദ്ധ്യതകൾ കൊട്ടിയടക്കപ്പെടുന്നു. കമ്പനിയായി മാറുമ്പോൾ ലഭിക്കേണ്ടിയിരുന്ന ഏറ്റവും വലിയ ആനുകൂല്യം പെൻഷൻ പ്രായ വർധനവ് ആയിരുന്നു. ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്(സ്റ്റാൻഡിംഗ് ഓർഡേഴ്സ്) നിയമപ്രകാരം പെൻഷൻപ്രായം 58 ആകേണ്ടതായിരുന്നു. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ പെൻഷൻ പ്രായം ഉള്ള കമ്പനിയും വൈദ്യുത സ്ഥാപനവും കെ.എസ്.ഇ.ബി ലിമിറ്റഡ് ആണ്. ഇങ്ങനെ കമ്പനിവത്കരണം ജീവനക്കാർക്കും പെൻഷൻകാർക്കും നഷ്ടക്കച്ചവടമായി മാറിയിരിക്കുന്നു. ഇതിന് ഉത്തരവാദികൾ ത്രികക്ഷി കരാറിൽ ഒപ്പുവച്ച സംഘടനകളാണ്. കരാറിലെ ഒരു വ്യവസ്ഥയും നടപ്പിലാക്കിയെടുക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. കടലാസിലെ അക്ഷരങ്ങൾക്ക് അതിലെ മഷിയുടെ വില പോലും നല്കാത്ത ത്രികക്ഷി കരാർ വൈദ്യുത ജീവനക്കാരുടെ ദൈന്യ നൊമ്പരങ്ങളുടെ ഹേതുവായിരിക്കുന്നു. വൈദ്യുത ബോർഡ് ജീവനക്കാരുടെ ആത്മാഭിമാനവും പാരമ്പര്യവും സംരക്ഷിക്കാൻ പോരാട്ടമല്ലാതെ മറ്റ് മാർഗങ്ങളില്ല. ഒപ്പിയാൻമാർ വിഷയങ്ങളിൽ നിന്ന് ഓടി ഒളിക്കുമ്പോൾ ദിശാബോധത്തോടെ മുന്നേറുന്ന ഫെഡറേഷനു പിന്നിൽ അണിനിരക്കുകയാണ് അഭികാമ്യം. ■



*ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള പണമിടപാട് സംബന്ധിച്ചും ഡിജിറ്റൽ വാണിഭ-വാണിജ്യ നിയന്ത്രണം സംബന്ധിച്ചും കേന്ദ്രഗവൺമെന്റിൽ നിന്നും വ്യതിരിക്തമായ ഒരു കാഴ്ചപ്പാട് എൽ.ഡി.എഫ് സർക്കാർ ഭരിക്കുന്ന കേരളത്തിലെ ഒരു സ്ഥാപനത്തിന് തീർച്ചയായും ഉണ്ടാകേണ്ടതാണ്.*





# ക്യാഷ്‌ലെസ്സോ കാഷ്യർ ലെസ്സോ?

വൈദ്യുതി സെക്ഷനോഫീസുകളിലെ ക്യാഷ് കൗണ്ടറിൽ ഇനി പ്രതി മാസം 1500 രൂപയിൽ കൂടുതൽ വരുന്ന ഗാർഹിക ഗാർഹികേതര ബില്ലുകൾ പണമായി അടയ്ക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച ബോർഡ് ഉത്തരവ് 2019 ഡിസംബർ 28 ന് പുറത്തിറങ്ങി. തല്ക്കാലത്തേയ്ക്ക്, അതായത് 2020 മാർച്ച് മാസം വരെ തുടർന്ന് ഡിജിറ്റൽ സമ്പ്രദായത്തിൽ മാത്രമേ ബിൽ അടയ്ക്കാൻ കഴിയൂ എന്ന മുന്നറിയിപ്പോടെ ബിൽ സ്വീകരിക്കാം. മാർച്ച് മാസത്തിന് ശേഷം അതിനും കഴിയില്ല. ഡിജിറ്റൽ ട്രാൻസാക്ഷൻ സംബന്ധിച്ച കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ടാർജറ്റ് സാക്ഷാത്കരിക്കാനാണത്രേ ഈ നീക്കം.

ഡിജിറ്റൽ പേയ്മെന്റ് സംബന്ധിച്ച ആദ്യ ബോർഡ് ഉത്തരവല്ല ഇത്. 2000 രൂപയിൽ കൂടുതൽ ബിൽ തുക വരുന്ന ഗാർഹികേതര ഉപഭോക്താക്കളുടെ ബില്ല് ജനുവരി 2019 മുതൽ ഡിജിറ്റൽ സമ്പ്രദായത്തിൽ മാത്രമേ സ്വീകരിക്കൂ എന്ന് നിഷ്കർഷിക്കുന്ന ബോർഡ് ഉത്തരവ് 2018-ൽ തന്നെ ഇറങ്ങിയിരുന്നു. എന്നിരുന്നാലും ക്യാഷ് കൗണ്ടറിൽ എത്തുന്ന അത്തരം ഉപഭോക്താക്കളുടെ ബില്ലുകൾ സ്വീകരിച്ച് റവന്യൂ വരുമാനം താമസം കൂടാതെ വസൂലാക്കുന്ന രീതിയാണ് പിൻതുടർന്ന് വന്നത്.

പ്രതിമാസം 2000 രൂപയിൽ കൂടുതൽ ബിൽ തുക വരുന്ന ഗാർഹികേതര ഉപഭോക്താക്കളിൽ ബഹുഭൂരിപക്ഷവും സാധാരണ കച്ചവടക്കാരോ നാട്ടിലെ മറ്റ് സാധാരണക്കാരോ ആയതിനാൽ എത്രയൊക്കെ പ്രോത്സാഹനം നൽകിയിട്ടും പണമായി ബില്ലടയ്ക്കാനാണ് അവർ താല്പര്യം പ്രകടിപ്പിച്ച് വരുന്നത്. അതുകൊണ്ടു തന്നെ ഡിജിറ്റൽ പണമടവ് രീതി സ്വീകരിച്ചത് വളരെ കുറവ് ഉപഭോക്താക്കൾ മാത്രമാണ്. ഡിജിറ്റൽ പണമടവ് രീതികളോട് പലകാരണങ്ങളാൽ സാധാരണക്കാർക്കുള്ള വിപ്രതിപത്തി ഇതിലും നിഴലിച്ചു എന്ന് മാത്രമേ ഇതിനെക്കുറിച്ച് കരുതേണ്ടതുള്ളൂ.

എന്നാൽ ബോർഡ് ജനുവരി 2019 മുതൽ ഇലക്ട്രിക്കൽ സെക്ഷനിലെ കാഷ് കൗണ്ടറിലെ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കി രാവിലെ 9.00 മുതൽ വൈകുന്നേരം 4 വരെ പ്രവർത്തിക്കുന്ന സമ്പ്രദായത്തലേക്ക് മാറുകയായിരുന്നു. 15000 ഉപഭോക്താക്കളിൽ കുറവുള്ള സെക്ഷനുകളിൽ ഒരു കാഷ്യറായി നിജപ്പെടുത്തുകയും ചെയ്തു. കൊട്ടിഘോഷിച്ച്കൊണ്ട് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച രാവിലെ 8 മണി മുതൽ വൈകിട്ട് 6 മണിവരെയുള്ള ക്യാഷ് കളക്ഷൻ എന്ന ഉപഭോക്തൃ സൗഹൃദ പരിഷ്കാരത്തിന്റെ അന്ത്യം അതോടെ കുറിയ്ക്കപ്പെട്ടു. ഏതാണ്ട് 100 ശതമാനത്തിനടുത്ത്

എത്തി നിൽക്കുന്ന എൽ.റ്റി. ബിൽ കളക്ഷൻ നേടിയെടുക്കാൻ ഈ സൗകര്യം നൽകിയ പിൻബലം തീരെ ചെറുതല്ല. മറ്റ് നടപടികളോടൊപ്പം ഉപഭോക്താവിന് സൗകര്യപൂർവ്വം പണമടയ്ക്കാനുള്ള സാഹചര്യം സൃഷ്ടിച്ചതും വലിയ തോതിൽ റവന്യൂ കളക്ഷൻ കൂട്ടാൻ സഹായിച്ചു എന്നത് വസ്തുതയാണ്. എന്നാൽ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കി ക്യാഷർമാരുടെ എണ്ണം വെട്ടിക്കുറയ്ക്കാനാണ് ബോർഡധികാരികൾ തുനിഞ്ഞത്.

ഓൺലൈൻ, ഡിജിറ്റൽ സമ്പ്രദായങ്ങൾ വേണ്ടന്ന് വയ്ക്കാനോ ഡിജിറ്റൽ വിപ്ലവത്തോട് പുറന്തിരിഞ്ഞ് നിൽക്കാനോ ഒരു വ്യവസായത്തിനും കഴിയില്ല. അത്തരം നൂതന സാങ്കേതിക വിദ്യ എല്ലാ മേഖലയിലും സ്വാഗതം ചെയ്യപ്പെടേണ്ടത് തന്നെയാണ്. എന്നാൽ ഡിജിറ്റൽവത്കരണം എന്നാൽ മനുഷ്യാദ്ധ്വാനം ഒഴിവാക്കലാണെന്ന ധാരണ പറണത്ത് വയ്ക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മനുഷ്യ വിഭവശേഷി കൂടുതൽ ക്രിയാത്മകവും കാര്യക്ഷമവുമായി വിനിയോഗിക്കാനാണ് ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ യഥാർത്ഥത്തിൽ സാധിക്കേണ്ടത്. വിദ്യാസമ്പന്നരും പുതുകാലത്തിന് അനുയോജ്യരുമായ മനുഷ്യ വിഭവശേഷിയെ ഒഴിവാക്കിക്കൊണ്ടല്ല പുത്തൻ രീതിയിൽ വിനിയോഗിച്ചുകൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനക്ഷമത ഉയർത്തുകയും പ്രവർത്തനങ്ങളുടെ മികവ് വർദ്ധിപ്പിക്കുകയുമാണ് വേണ്ടത്. പുത്തൻ സാങ്കേതിക വിദ്യ സ്വാംശീകരിക്കേണ്ടത് മികവിന്റെ ഔന്നത്യങ്ങൾ ലക്ഷ്യമിട്ടുകൊണ്ടാവണം.

ഡിജിറ്റൽ പേമെന്റ് സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളും ലക്ഷ്യങ്ങളും നേടുന്നത് സ്ഥാപനത്തിന്റെ നിലനിൽപ്പിനും, കേന്ദ്ര ഫണ്ടുകൾ നേടിയെടുക്കുന്നതിനും വളരെ സഹായമാകും എന്ന കാര്യം സാധാരണ തൊഴിലാളികൾ തിരിച്ചറിയും. എന്നാൽ അതിന്റെ പേരിൽ ഉപഭോക്താക്കളെ വൈദ്യുതി ബോർഡിന്റെ ഓഫീസുകളിൽ നിന്നും ആട്ടിയകറ്റുന്ന നിലപാട് ഒട്ടും ആശാസ്യമല്ലതന്നെ. ക്യാഷ് കൗണ്ടറിൽ എത്തുന്ന ഉപഭോക്താക്കളിൽ നിന്നും കാർഡ് വഴിയും പണം സ്വീകരിക്കാൻ

**കൊട്ടിഘോഷിച്ച് കൊണ്ട് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച രാവിലെ 8 മണിമുതൽ വൈകിട്ട് 6 മണിവരെയുള്ള ക്യാഷ് കളക്ഷൻ എന്ന ഉപഭോക്തൃ സൗഹൃദ പരിഷ്കാരത്തിന്റെ അന്ത്യം കുറിയ്ക്കപ്പെട്ടു.**




ബോർഡ് കൈകൊണ്ട നടപടികൾ സ്വാഗതാർഹമാണ്. സമാനമായ രീതിയിൽ എല്ലാത്തരം ഡിജിറ്റൽ ഇടപാടുകളും വൈദ്യുതി ബോർഡിന്റെ ക്യാഷ് കൗണ്ടറുകൾ വഴിതന്നെ നടത്തികൊടുക്കാൻ വേണ്ട സൗകര്യം ഒരുക്കുന്നത് എന്തുകൊണ്ടും മികച്ച മാർഗ്ഗമാണ്. തൊഴിലാളികളെ സജ്ജരാക്കാനും, വേണ്ട സംവിധാനമൊരുക്കാനും ബോർഡ് മുൻകൈയയെടുത്താൽ തൊഴിലാളികൾ സർവ്വാത്മനാ അതിനോട് സഹകരിക്കുമെന്നത് തീർച്ചയാണ്.

ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള പണമിടപാട് സംബന്ധിച്ചും ഡിജിറ്റൽ വാണിഭ-വാണിജ്യ നിയന്ത്രണം സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റിൽ നിന്നും വ്യതിരിക്തമായ ഒരു കാഴ്ചപ്പാട് എൽ.ഡി.എഫ് സർക്കാർ ഭരിക്കുന്ന കേരളത്തിലെ ഒരു സ്ഥാപനത്തിന് തീർച്ചയായും ഉണ്ടാകേണ്ടതാണ്. ഡിജിറ്റൽ ഇക്കണോമിയുടെ പേരിൽ സ്വകാര്യ കമ്പനികളുടെ കീശവീർപ്പിക്കുന്ന കേന്ദ്ര നടപടികൾ ഈച്ചക്കോപ്പിയടിക്കുന്ന സമ്പ്രദായം കേരളീയ ബദൽ രീതിയ്ക്ക് ഇണങ്ങുന്നതല്ല. സ്ഥാപനത്തിനുള്ളിലെ സർഗ്ഗശേഷിയെ കണക്കിലെടുക്കുന്ന തനത് വഴികൾ തിരഞ്ഞെടുക്കുന്ന, ജനങ്ങളെ ശാക്തീകരിക്കുന്ന ഒരു ഡിജിറ്റൽ കാഴ്ചപ്പാടാകണം കേരളത്തിൽ നിന്നുള്ള ഓരോ സ്ഥാപനവും മുന്നോട്ട് വയ്ക്കേണ്ടത്. പ്രത്യേകിച്ചും ഇന്ത്യയിലെ വൈദ്യുതി മേഖലയിലെ മികവുറ്റ സ്ഥാപനമായി പൊതുമേഖലയിൽ തന്നെ ഇന്നും നിലനിൽക്കുന്ന വൈദ്യുതി ബോർഡ് ഇക്കാര്യത്തിൽ മാതൃകയാകേണ്ടതാണ്.

ഓരോ ഇടപാടിൽ നിന്നും ലഭിക്കാവുന്ന വരുമാനം മാത്രം നോക്കി ഡിജിറ്റൽ ഇടപാട് നടത്തുന്ന സ്വകാര്യ ഇടനിലക്കാരെ പരമാവധി ഒഴിച്ച് നിർത്തി കേരള ഗവൺമെന്റിന്റെ ഐ.റ്റി സംവിധാനങ്ങളേയും, നമ്മൾ കൂടി പങ്കാളികളായ കെ. ഫോൺ സംവിധാനത്തേയും മറ്റും ആശ്രയിക്കുന്ന, ഉപഭോക്താവിന്റെ പണം ഒറ്റചില്ലി പോലും ചോർന്നുപോകാതെ അവർക്ക് പൂർണ്ണമായും ആശ്രയിക്കാവുന്ന ഒരു ഡിജിറ്റൽ പണമിടപാട് സംവിധാനം വളർത്തി കൊണ്ടു വരാനാകണം നമ്മുടെ ശ്രമങ്ങൾ കേന്ദ്രീകരിക്കേണ്ടത്. അത്തരമൊരു മാറ്റത്തിന്റെ കേന്ദ്രബിന്ദുക്കളായി മാറേണ്ടത് ഉപഭോക്താക്കളുടെ ഇടയിൽ പ്രവർത്തിച്ച് വരുന്ന സെക്ഷനോഫീസുകളാണ്. ഉപഭോക്താക്കളെ നമ്മുടെ സെക്ഷനുകളിൽ നിന്നും ആട്ടിയകറ്റുകയല്ല, സകല സൗകര്യങ്ങളും നൽകി ആകർഷിക്കുകയാണ് വേണ്ടത്.■



*ഇനിയെങ്കിലും മാതൃഭാഷയോടുള്ള അയിത്തം വൈദ്യുതി ബോർഡ് അവസാനിപ്പിക്കണം. ഭരണ നിർവ്വഹണം പൂർണ്ണതയിൽ എത്തണമെങ്കിൽ ഭരണത്തിനുപയോഗിക്കുന്ന ഭാഷ സാധാരണക്കാരന്റെ ഭാഷയാകണം.*



**ഭാഷയുടെ കാര്യത്തിൽ മലയാളികൾ ഇപ്പോഴും കൊളോണിയൻ ചിന്താഗതികളുടെ തടവറയിലാണ്. സായിപ്പ് പോയിട്ട് എഴുപത് വർഷങ്ങൾ കഴിഞ്ഞിട്ടും സായിപ്പിന്റെ ഭാഷയോടു ഒരു വിധേയത്വം ഇപ്പോഴും മലയാളികൾക്കുണ്ട്.**

# മാതൃഭാഷയോട് വൈദ്യുതി ബോർഡിന് ഇനിയും അയിത്തമോ?

'മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞ പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യന് പെറ്റമ്മ തൻ ഭാഷ താൻ'

മഹാകവി വള്ളത്തോളിന്റെ ഈ വരികൾ നമ്മുടെ മാതൃഭാഷയുടെ മഹത്വം വിളിച്ചോതുന്നു. മഹാകവി രവീന്ദ്രനാഥ ടാഗോറും മാതൃഭാഷ മാതാവിന് തുല്യമാണെന്ന് നമ്മെ പഠിപ്പിച്ചു. മാതാവ്, മാതൃഭൂമി, മാതൃഭാഷ, ഗുരു ഇതെല്ലാം ഓരോ വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രിയപ്പെട്ടവയാണ്. നമ്മൾ ചെറുപ്രായത്തിൽ ഈ പ്രപഞ്ചത്തെ തിരിച്ചറിയുന്നത് നമ്മുടെ മാതൃഭാഷയിലൂടെയാണ്. ചിന്തയാണ് മനുഷ്യ മനസ്സിന്റെ വളർച്ചയുടെ



അടിത്തറ. ബാല്യത്തിൽ പൂവിനേയും പൂമ്പാറ്റയേയും കിളികളേയും തുടങ്ങി എല്ലാറ്റിനെക്കുറിച്ചും നാം മനസ്സിലാക്കുന്നതും ചിന്തിക്കുന്നതും മാതൃഭാഷയിലൂടെയാണ്. മാതൃഭാഷയിലുള്ള ശരിയായ ജ്ഞാനം ചിന്തകളെ വേഗമുള്ളതും ഉറപ്പുള്ളതും ആക്കുന്നു. മാതൃഭാഷാ പഠനം തൃപ്തികരമല്ലെങ്കിൽ ചിന്തകൾക്ക് വേഗത കുറയും.

മാതൃഭാഷയെ സ്നേഹിക്കുക എന്നതിന് മറ്റുള്ള ഭാഷകളെ തള്ളിക്കളയുക എന്ന് അർത്ഥമില്ല. ഓരോ ഭാഷക്കും അതിന്റേതായ പ്രത്യേകതയും പ്രാധാന്യവുമുണ്ട്. ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകൾ അടിച്ചേൽപ്പിക്കുന്ന ഒരു സാഹചര്യം നമ്മുടെ രാജ്യത്തുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്. അസംഖ്യം പ്രാദേശിക ഭാഷകളുള്ള നമ്മുടെ രാജ്യത്ത് ആഗോള തലത്തിൽ ഇടപെടലുകൾ നടത്താനും ഒരു ദേശീയ ഐക്യത്തിന്റെ ഭാഗമായും മറ്റ് ഭാഷകൾ പഠിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഇത്തരം കാര്യങ്ങൾ അടിച്ചേൽപ്പിക്കുന്നത് വിപരീത ഫലം ചെയ്യും. ഒരു ഭാഷക്ക് അത് സംസാരിക്കുന്ന ജനതയെ ഒന്നിച്ചു നിർത്താനുള്ള കഴിവുണ്ട്. അതുകൊണ്ടാണ് സ്വാതന്ത്ര്യലബ്ധിക്കു ശേഷം നമ്മുടെ രാജ്യത്ത് ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടത്.

ഫെബ്രുവരി 21 അന്താരാഷ്ട്ര മാതൃഭാഷാദിനമായി ആചരിക്കുന്നതിന്റെ പിന്നിൽ ഒരു ചരിത്രമുണ്ട്. 1952-ൽ കിഴക്കൻ ബംഗാളിൽ ഉർദു ഭരണ ഭാഷയാക്കിയതിനെത്തുടർന്ന് ധാക്കാ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ പ്രക്ഷോഭം തുടങ്ങി. ഇതിനെത്തുടർന്ന് അതേ വർഷം ഫെബ്രുവരി 21 ന് പോലീസ് പ്രക്ഷോഭകാരികൾക്ക് നേരെ വെടിയുതിർത്തു. 4 വിദ്യാർത്ഥികൾ കൊല്ലപ്പെട്ടു. മാതൃഭാഷക്ക് വേണ്ടി ആദ്യമായി രക്തസാക്ഷിത്വം വഹിച്ച ഇവരുടെ ഓർമ്മക്കായാണ് യുനെസ്കോ അന്താരാഷ്ട്ര മാതൃഭാഷാ ദിനമായി ഫെബ്രുവരി 21 ആചരിക്കുന്നത്. ഏത് രാജ്യത്തെ ഏത് പൗരനും അയാൾ ഏർപ്പെടുന്ന ഏത് രംഗത്തും മാതൃഭാഷ ഉപയോഗിക്കുവാൻ മൗലികമായ അവകാശമുണ്ടെന്ന് ഐക്യരാഷ്ട്ര സഭ പ്രമേയം പാസിക്കിയിട്ടുണ്ട്.

ഒരിക്കൽ ഗുരു നിത്യ ചൈതന്യ യതി ഫ്രാൻസിൽ നിന്നും ട്രയിൻ മാർഗ്ഗം ഇംഗ്ലണ്ടിലേക്ക് യാത്ര ചെയ്യുകയായിരുന്നു. തൊട്ടടുത്തിരുന്ന് യാത്ര ചെയ്തിരുന്ന ഫ്രഞ്ചുകാരനോട് അദ്ദേഹം ഇംഗ്ലീഷ് ഭാഷയിൽ കുശലാന്വേഷണം നടത്തി. പക്ഷേ ഫ്രഞ്ചുകാരൻ യതി ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയാതെ നിശബ്ദനായിരുന്നു. ട്രയിൻ ഫ്രഞ്ച് അതിർത്തിയിൽ കടന്ന് ഇംഗ്ലണ്ടിൽ പ്രവേശിച്ചു. പെട്ടെന്ന് തന്നെ ഫ്രഞ്ച് കാരൻ യതിയുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും യതിയുമായി സംവദിക്കുകയും ചെയ്തു തുടങ്ങി. എന്തുകൊണ്ടാണ് നേരത്തെ ചോദിച്ചതിന് മറുപടി പറയാത്തത് എന്ന് യതി ചോദിച്ചപ്പോൾ ഫ്രഞ്ച് കാരൻ പറഞ്ഞ മറുപടി ഇതാണ്. ഞാൻ എന്റെ മാതൃരാജ്യമായ ഫ്രാൻസിൽ വച്ച് എന്റെ മാതൃഭാഷയിൽ മാത്രമേ സംസാരിക്കുകയുള്ളു. ഇപ്പോൾ ട്രയിൻ ഫ്രഞ്ച് അതിർത്തി കടന്ന് ഇംഗ്ലണ്ടിൽ പ്രവേശിച്ചത് കൊണ്ടാണ് ഇംഗ്ലീഷിലുള്ള താങ്കളുടെ ചോദ്യങ്ങൾക്ക് ഞാൻ അതേ ഭാഷയിൽ മറുപടി പറയുന്നത്. ഇതാണ് മാതൃഭാഷയോടുള്ള ഫ്രഞ്ചുകാരുടെ മനോഭാവം.

മുകളിൽ കുറിച്ച കാര്യങ്ങളെല്ലാം മാതൃഭാഷയുടെ മാഹാത്മ്യം മനസ്സിലാക്കാൻ വേണ്ടിയാണ്. പക്ഷേ മലയാളികൾ ഇപ്പോഴും കൊളോണിയൻ ചിന്താഗതികളുടെ തടവറയിലാണ് ഭാഷയുടെ കാര്യത്തിൽ. സായിപ്പ് പോയിട്ട് എഴുപത് വർഷങ്ങൾ കഴിഞ്ഞിട്ടും സായിപ്പിന്റെ ഭാഷയോടു ഒരു വിധേയത്വം ഇപ്പോഴും മലയാളികൾക്കുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഭരണ ഭാഷ മലയാളമാക്കണമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഓഫീസുകളിലും കോടതി മുറികളിലും സർവ്വകലാശാലകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സാർവ്വത്രികമായി നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. 1500 വർഷത്തെ പൈതൃകവും പാരമ്പര്യവും കണക്കിലെടുത്ത് നമ്മുടെ ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചുവെങ്കിലും മൂന്നര കോടി ജനങ്ങൾ സംസാരിക്കുന്ന നമ്മുടെ മലയാള ഭാഷക്ക് നമ്മുടെ നാട്ടിൽ സെക്കന്ററി സ്കൂൾ തലത്തിനപ്പുറം ഉപയോഗിക്കാനുള്ള അവസരങ്ങളില്ല.

ഭരണനിർവ്വഹണത്തിനായി മാതൃഭാഷ ഉപയോഗിച്ചെങ്കിൽ മാത്രമേ സാധാരണ ജനതക്ക് ഭരണനേട്ട

ങ്ങൾ അനുഭവിക്കാനും മനസ്സിലാക്കാനും കഴിയൂ. കേരളത്തിൽ മലയാളം ഭരണ ഭാഷയാകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ധാരാളം പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെങ്കിലും പൂർണ്ണ ലക്ഷ്യത്തിലെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല.

വൈദ്യുതി ബോർഡിന്റെ കാര്യമെടുത്താൽ എല്ലാ വർഷവും നവംബർ 1 ന് ഭാഷാ ദിനം ആചരിക്കുന്നുവെന്നതൊഴിച്ചാൽ ഇതുമായി ബന്ധപ്പെട്ട് മറ്റൊരു പ്രവർത്തനങ്ങളും നടത്താൻ അധികാരികൾ ശ്രദ്ധിക്കുന്നില്ല. മറ്റെങ്ങും ദർശിക്കാൻ കഴിയാത്ത ആംഗലേയ ഭാഷാ പ്രേമമാണ് ബോർഡ് അധികാരികൾക്ക്. മറ്റ് വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉത്തരവുകളും പരിഭാഷകളും മാതൃഭാഷയിൽ പുറത്തിറങ്ങുമ്പോൾ വൈദ്യുതി ബോർഡിൽ ഇപ്പോഴും ഇതിനായി ആംഗലേയ ഭാഷയെ ആണ് ഉപയോഗിക്കുന്നത്. ഇത് മലയാള ഭാഷയോടുള്ള അവഹേളനമാണ്. എന്തിനേറെ, പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് മനസ്സിലാകുംവിധം സ്ഥലംമാറ്റ മാനദണ്ഡങ്ങൾ മാതൃഭാഷയിലേക്ക് തർജ്ജിമ ചെയ്തു പുറത്തിറക്കാൻ ബോർഡ് അധികൃതർ ഇതുവരെ ഒരുമ്പെട്ടിട്ടില്ല. ബോർഡിൽ നിന്നും പുറത്തിറങ്ങുന്ന സ്ഥലം മാറ്റ, സ്ഥാനക്കയറ്റ ഉത്തരവുകളെല്ലാം ഇപ്പോഴും ഇംഗ്ലീഷ് ഭാഷയിലാണ് പുറത്തിറക്കുന്നത്. ഹാജർ പുസ്തകങ്ങളും, സേവന പുസ്തകങ്ങളും, അവധിക്കുള്ള അപേക്ഷകളും മലയാളത്തിലാക്കുന്നതിൽ എന്താണ് കുറച്ചിൽ? ഭരണത്തിന് ഇംഗ്ലീഷേ വഴങ്ങൂ എന്ന നിലപാട് മാറ്റാൻ ബോർഡ് അധികാരികൾ തയ്യാറാകണം. സ്വന്തം ഭാഷയെക്കുറിച്ച് അഭിമാനം ഇല്ലാത്തവർക്ക് എങ്ങനെ സ്വന്തം സ്ഥാപനത്തിനെക്കുറിച്ച് അഭിമാനിക്കാൻ കഴിയും.

ബോധന മാധ്യമം മലയാളമാക്കുമ്പോൾ ആദ്യഘട്ടത്തിൽ ചില ബുദ്ധിമുട്ടുകൾ നേരിട്ടേക്കാം. പല സാങ്കേതിക പദങ്ങളും അതേപടി ഉപയോഗിക്കേണ്ടി വന്നേക്കാം ഇതിനായി ആംഗലേയ ഭാഷയിൽ നിന്നും അത്യാവശ്യം പദങ്ങൾ സ്വീകരിക്കുന്നതിലും തെറ്റില്ല.

ഇനിയെങ്കിലും മാതൃഭാഷയോടുള്ള അയിത്തം വൈദ്യുതി ബോർഡ് അവസാനിപ്പിക്കണം. ഭരണ നിർവ്വഹണം പൂർണ്ണതയിൽ എത്തണമെങ്കിൽ ഭരണത്തിനുപയോഗിക്കുന്ന ഭാഷ സാധാരണക്കാരന്റെ ഭാഷയാകണം.■

 സീതാലക്ഷ്മി പി എൻ

*നിർഭയയെ ഓർത്തുകൊണ്ട് സംഘടിപ്പിക്കപ്പെട്ട രാത്രി നടത്തം സ്ത്രീകളുടെ വ്യക്തിത്വത്തെ ബഹുമാനിക്കുന്ന ഒരു സമൂഹത്തിന്റെ തുടക്കമാകട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.*






# “പൊതു ഇടം എന്റേതും” ചരിത്രത്തിലിടം നേടി രാത്രിനടത്തം

മനുഷ്യർ എല്ലാ കാര്യത്തങ്ങളിലും കാലത്തിനും അപ്പുറത്ത് കടന്നു നീങ്ങുമ്പോഴും, വികസനം എല്ലാവരുടേയും പടിയിൽ എത്തിനിൽക്കുമ്പോഴും സ്ത്രീയുടെ ജീവിത വ്യവസ്ഥയ്ക്ക് വ്യത്യാസം വരുന്നില്ല. ഉന്നത പഠനത്തിനോ, ജോലി ചെയ്ത് സ്വന്തം കാലിൽ നിൽക്കാൻ ആഗ്രഹിക്കുകയോ ചെയ്യുന്ന പെണ്ണുങ്ങൾ ചിലപ്പോഴൊക്കെ രാത്രി യാത്ര ചെയ്യണമെന്നുള്ള കാരണത്താൽ മടിച്ചു പിൻവാങ്ങുന്നു. രാത്രിയിലും ഈ പൊതു ഇടങ്ങൾ തങ്ങൾക്കും കൂടി അവകാശപ്പെട്ടതാണെന്ന ബോധം ഉണ്ടെങ്കിലും അവർ യാത്രയെ ഭയക്കുന്നു. രാത്രിയോ വെട്ടം വീഴുന്നതിനു മുമ്പുള്ള പുലർച്ചകളോ അവൾക്ക് അന്യമാണ്. എല്ലാ പൊതു ഇടങ്ങളും എല്ലാവർക്കും എല്ലാ ജീവജാലങ്ങൾക്കും മനുഷ്യർക്കും അതിലുപരി എല്ലാ സ്ത്രീകൾക്കും കൂടി അവകാശമുള്ളതാണ്. ഈ ഇടങ്ങൾ ആരാണ് അവളുടേതല്ലാതാക്കിയത്?



എഴുതി ഉണ്ടാക്കിയ നിയമ വ്യവസ്ഥകൾ പാലിക്കുന്ന ഭാരതത്തിൽ അലിഖിതങ്ങളായ മാമൂൽ നിയമങ്ങൾ അവരവരുടെ ചിന്തയിൽ തെളിയുന്നതുപോലെ സ്ത്രീകളുടെ മേൽ സ്വയം ചാർത്തുന്നു. ആ നിയമങ്ങൾ പാലിക്കാൻ സ്ത്രീകളെ സമൂഹം ചിട്ടപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടികളിൽ ഒരു പിടി മുന്നിൽ നിൽക്കുന്നു എന്ന മിഥ്യയിൽ ജീവിക്കുന്ന പുരുഷവർഗ്ഗം തന്നോട് തോൾ ചേർന്ന് നിൽക്കേണ്ട സ്ത്രീസമൂഹത്തെ കാൽ കീഴിൽ നിർത്താൻ വല്ലാതെ പ്രയാസപ്പെടുന്നു.

നമുക്ക് തലകുനിക്കേണ്ടി വന്ന ഡെൽഹിയിലെ നിർഭയ കേസ്സിലെ കുറ്റവാളികൾ സ്വയം ന്യായീകരിച്ചത് എന്തിന് ആ പെൺകുട്ടി രാത്രിയിൽ സുഹൃത്തിനൊപ്പം യാത്ര ചെയ്തു എന്നാണ്. അങ്ങനെ അസമയത്തിന് ശേഷം യാത്ര ചെയ്യുന്നവർ എന്തും തങ്ങളെ ചെയ്യുവാനുള്ള അനുവാദമാണ് കൊടുക്കുന്നതെന്നും അവർ മോശക്കാരാണെന്നും നിർലജ്ജം വാദിച്ചിരിക്കുന്നു. ഈ മുൻധാരണകൾ മാറേണ്ട സമയമായി.

ഒരു സമൂഹത്തിൽ സ്ത്രീയും പുരുഷനും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്. ആരും ആരേക്കാൾ കേമനോ കേമിയോ ആകുന്നില്ല. ഒരു ജനതയുടെ വളർച്ച എന്നു പറയുന്നത് സ്ത്രീയുടേയും പുരുഷന്റേയും വിദ്യാഭ്യാസപരമായും സാമൂഹികമായും ഉള്ള വളർച്ചയാണ്. എവിടെയാണോ സ്ത്രീയും പുരുഷനും തോളോട് തോൾ ചേർന്ന് രണ്ടു പേരുടേയും ശക്തികൾ സമന്വയിപ്പിക്കുന്ന സമൂഹമുള്ളത് അവിടമൊക്കെ വികസിത രാജ്യങ്ങളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

പകലുകളിൽ പോലും പൊതു ഇടങ്ങളിൽ, തിരക്കുള്ള ബസ്സുകളിൽ, ആരാധനാലയങ്ങളിൽ, ഓഫീസുകളിൽ, വീടുകളിൽ എത്ര മോശപ്പെട്ട അനുഭവങ്ങളാണ് ഓരോ സ്ത്രീക്കും നേരിടേണ്ടി വരുന്നത്. അവൾക്ക് പഠിക്കുവാനും, ജോലി ചെയ്യുവാനും ഇഷ്ടവസ്ത്രം ധരിക്കുവാനും, ഭക്ഷണം കഴിക്കുവാനും ഇഷ്ടപ്പെട്ടൊരുവനെ വിവാഹം ചെയ്യുവാനും സഞ്ചരിക്കുവാനും നിയമം അനുശാസിക്കുന്നുണ്ടെങ്കിലും സമൂഹത്തിന്റെ ഇടുങ്ങിയ വീക്ഷണം കൊണ്ട് അതിനൊക്കെ നൂറു നൂറു വിലക്കുകളാണ് അനുഭവിക്കേണ്ടി വരുന്നത്.

ഈ പരാധീനതകൾ മനസ്സിലാക്കി ഒരു മാറ്റത്തിന് സമയമായി എന്ന തിരിച്ചറിവോടെയാണ് സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായുള്ള സംസ്ഥാന സർക്കാർ വകുപ്പ് ഈ കഴിഞ്ഞ ഡിസംബർ - 29-ാം തീയതി 'പൊതു ഇടം എന്റേതും' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് സംസ്ഥാനത്തുടനീളം രാത്രി നടത്തം എന്ന പരിപാടി സംഘടിപ്പിച്ചത്. രാത്രി പതിനൊന്ന് മണി മുതൽ പാതിരാ കഴിഞ്ഞ് രാത്രി ഒരു മണി വരെ സത്രീകളുടേയും കുട്ടികളുടേയും നടത്തം സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീകളും കുട്ടികളും നിർഭയം കൂട്ടങ്ങളായി നിശയുടെ ഭംഗിയും കുളിരും തങ്ങളിലേക്ക് ആവാഹിച്ച്കൊണ്ട് ആ പരിപാടി സ്വന്തമാക്കി വിജയിപ്പിച്ചു.

പൊതു ഇടങ്ങൾ രാത്രികാലങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും കൂടിയുള്ളതാണെന്ന സന്ദേശം പൊതു സമൂഹത്തിന് പകർന്നു കൊടുക്കാൻ ഇതിലൂടെ സാധിച്ചു. സ്ത്രീകളുടെ സുരക്ഷയും തുല്യനീതിയും പലപ്പോഴും പരിപാലിക്കപ്പെടുന്നില്ല. ദൃശ്യ ശ്രവണ പത്ര മാധ്യമങ്ങൾ വഴി ഓരോ ദിവസവും സ്ത്രീകൾ ക്രൂരവും പൈശാചികവുമായി ആക്രമിക്കപ്പെടുന്ന വാർത്തകളാണ് നാം അറിയുന്നത്. നിർഭയയെ ഓർത്തുകൊണ്ട് സംഘടിപ്പിക്കപ്പെട്ട ഈ രാത്രി നടത്തം സ്ത്രീകളുടെ വ്യക്തിത്വത്തെ ബഹുമാനിക്കുന്ന ഒരു സമൂഹത്തിന്റെ തുടക്കമാകട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.■



*വൈശാഖ V/s രാജസ്ഥാൻ കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ഒരു സുപ്രധാന കാര്യമാണ് എല്ലാ തൊഴിൽ ശാലകളിലും വനിതാ ജീവനക്കാർ നേരിടുന്ന ലൈംഗിക പീഡനത്തെകുറിച്ച് പരാതിപ്പെടാനും അതിനു പരിഹാരമുണ്ടാക്കാനും ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റി (ICC - Internal Complaints Committee) രൂപീകരിക്കണമെന്ന നിയമം.*



# തൊഴിൽ നിയമങ്ങളും സ്ത്രീ തൊഴിലാളികളും




സ്ത്രീ സുരക്ഷ അതീവ ഗൗരവത്തോടെ ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടമാണിത്. ലൈംഗിക പീഢനങ്ങളും സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങളും രാജ്യത്താകമാനം വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ തൊഴിൽ ശാലകളിലെ സ്ത്രീ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്ന നിലവിലെ നിയമ വ്യവസ്ഥകൾ നിരവധിയാണ്. എന്നിരുന്നാലും അരക്ഷിതമായ തൊഴിൽ സാഹചര്യങ്ങളിൽപ്പെട്ട സ്ത്രീകൾ ചൂഷണത്തിന് വിധേയരാകുന്നതിന് യാതൊരു കുറവുമില്ല. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ഭൂരിഭാഗം പേരും സാമ്പത്തിക ചൂഷണങ്ങൾക്ക് വിധേയരാണ്. ഇക്കൂട്ടത്തിൽ ലൈംഗിക പീഡനങ്ങൾക്കിരയാകുന്നവരും കുറവല്ല.

ഇന്ത്യൻ ജനസംഖ്യയുടെ 51% പേരും തൊഴിലാളികളാണ്. ഇതിൽ 33.5% പേർ അസംഘടിത മേഖലയിലും 15.6% പേർ സംഘടിത മേഖലയിലും പണിയെടുക്കുന്നു. വിവേചന മുക്തമായ പണിശാലകളും ഒരേ ജോലിക്ക് ഒരേ വേതനവും ലിംഗസമത്വവും ലൈംഗിക പീഡനങ്ങളില്ലാത്ത അന്തരീക്ഷവും നാം സ്വപ്നം കാണുന്നു. നിരവധിയായ നിയമങ്ങളും ചട്ടങ്ങളും അവ നടപ്പാക്കുന്ന വിവിധ സംവിധാനങ്ങളും നിലവിലുണ്ട്. പക്ഷേ, ഇത് എത്രത്തോളം സ്ത്രീ തൊഴിലാളികൾക്ക് ഉപകാര പ്രദമാകുന്നുവെന്നുള്ളത് നാം ചിന്തിക്കണം.

തൊഴിലാളി സംഘടനകളും നിരവധി സാമൂഹ്യ സംഘടനകളും വ്യക്തികളും തൊഴിൽ വകുപ്പുമായി ചേർന്ന് സ്ത്രീ തൊഴിലാളികളുടെ നിയമ പരിരക്ഷകൾക്കായി അക്ഷീണം പ്രയത്നിക്കുന്നുണ്ട്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ട്, ഈക്വൽ റെമ്യൂണറേഷൻ ആക്ട് തുടങ്ങിയവ ഇപ്പോൾ പത്രപ്രവർത്തകർ, ബീഡി തൊഴിലാളികൾ, തീയറ്റർ ജീവനക്കാർ എന്നിവർക്കുൾപ്പടെ ബാധകമാണ്.

ഷോപ്പ് & കമേഴ്സ്യൽ ആക്ട് സെക്ഷൻ 21 പ്രകാരം രാവിലെ 7 മുതൽ വൈകുന്നേരം 6 വരെ വനിതാ ജീവനക്കാരെ ജോലിക്ക് നിയോഗിച്ചാൽ പിക്കപ്പ് ആന്റ് ഡ്രോപ്പ് സൗകര്യം



(വീട്ടിൽ നിന്നും ഓഫീസിലേക്കും തിരിച്ചുമുള്ള യാത്രാ സൗകര്യം) ലഭ്യമാക്കണം. മാത്രമല്ല ചുരുങ്ങിയത് രണ്ട് വനിതാ ജീവനക്കാർ എങ്കിലും ഈ സമയം പണിയെടുക്കാനായി നിയോഗിക്കപെടണം. വനിതാ ജീവനക്കാരെ യന്ത്രങ്ങളുമായി ബന്ധപ്പെട്ട ജോലികളിൽ നിന്ന് ഒഴിവാക്കണം എന്ന് സെക്ഷൻ 22 ൽ പറയുന്നു. സെക്ഷൻ 66 (1) (b) പ്രകാരം രാത്രി സമയം ജോലികൾക്ക് നിയോഗിക്കാൻ പാടുള്ളതല്ല. എന്നാൽ വനിതാ ജീവനക്കാർക്ക് വേണ്ടത്ര സൗകര്യവും സുരക്ഷിതത്വവും ഉറപ്പാക്കിയാൽ അനുവദനീയമാണ്.

ഗാർഹിക പീഡനം, ഇൻഡ്യൻ പീനൽ കോഡ് 398 പ്രകാരം ശിക്ഷാ വിധേയമാണ്. 2005 ലെ നിയമത്തിലാണ് ഈ വ്യവസ്ഥയുള്ളത്. കൂടാതെ സ്ത്രീകളുടെ ചിത്രം പ്രദർശിപ്പിക്കുന്നത് തടയുന്ന ഇൻഡീസന്റ് റെപ്രസന്റേഷൻ ഓഫ് വുമൺ പ്രിവൻഷൻ ആക്ട് 1986, ശൈശവ വിവാഹ നിയമ ഭേദഗതി, സ്ത്രീധനം തടയുന്ന ഡൗറി പ്രൊഹിബിഷൻ ആക്ട് 1961, പരസ്പര സമ്മതത്തോടെയുള്ള വിവാഹ മോചനം, നിയമപരമായ ഗർഭഛിദ്രം എന്നിവയിലും നിരവധി വനിതാ സൗഹൃദ വ്യവസ്ഥകളുണ്ട്.

## സാമൂഹ്യ സുരക്ഷ

തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് അഥവാ ESI പ്രധാന ശ്രദ്ധ പതിപ്പിക്കുന്നു. ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കും കരാർ അടിസ്ഥാനത്തിൽ പണിയെടുക്കുന്നവർക്കും ഇതിന്റെ സ്കീമിൽ ചേരാം. ഒരാൾ ജോലിയിൽ പ്രവേശിച്ചാൽ 10 ദിസവത്തിനകം ഇ.എസ്.ഐ സ്കീമിൽ ചേരാം. ഇതിൽ പ്രതിമാസ മൊത്തവരുമാനം 21,000 രൂപയിൽ കുറവായിട്ടുള്ളവർക്ക് ചേരാവുന്നതാണ്. ജീവനക്കാരുടെ മൊത്ത ശമ്പളത്തെ അടിസ്ഥാനമാക്കിയാണ് പ്രതിമാസ നിക്ഷേപ തുക കണക്കാക്കേണ്ടത്. അപ്രന്റീസ് ആക്റ്റിൽ പെടാത്ത ട്രയിനീസിനും ഇതിൽ അംഗമാകാം. നിലവിൽ ഐടി മേഖല, സ്കൂളുകൾ, കടകൾ തുടങ്ങിയവയും ഈ സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്.

ആരോഗ്യപരമായ പ്രതിസന്ധികളിൽ (കണ്ടിജൻസി) സാമ്പത്തിക സഹായം ലഭ്യമാണ്. ഇതിലെ അംഗങ്ങൾക്കും കുടുംബത്തിനും മാതാപിതാക്കൾക്കും ചികിത്സാ സഹായം ലഭ്യമാണ്. ആൺമക്കൾക്ക് 21 വയസ്സുവരെയും പെൺമക്കൾക്ക് വിവാഹംവരെയും ചികിത്സാ സഹായം ലഭിക്കും. ഒരു ഉദ്യോഗത്തിൽ നിന്നും വിരമിച്ച ആൾ തുടർന്ന് ഈ സ്കീം ലഭ്യമായ സ്ഥാപനത്തിൽ പണിയെടുത്താൽ മാസശമ്പളം 21,000 രൂപയിൽ കുറവാണെങ്കിൽ (പെൻഷൻ ആനുകൂല്യം ചേർക്കാതെ) ഇതിൽ അംഗമാകാം.

പ്രതിമാസ അടവിനനുസരിച്ചല്ല ഈ പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നത് എന്നത് വലിയൊരു പ്രത്യേകതയാണ്. 10 ലക്ഷം രൂപ വരെയുള്ള അടിയന്തിര ചികിത്സാ സഹായം ലഭിക്കാൻ ഈ പദ്ധതിയിലുൾപ്പെട്ട ആശുപത്രിയിൽ നിന്നുള്ള രേഖകൾ ഹാജരാക്കിയാൽ മതിയാകും. രേഖകളുടെ പരിശോധനയിൽ തന്നെ മിക്കവാറും സഹായം ലഭ്യമാക്കും. സ്ക്രൂട്ടിനി സമ്പ്രദായം നിലവിൽ അത്യാവശ്യഘട്ടങ്ങളിൽ മാത്രമേ നടത്തുന്നുള്ളു. ആയതിനാൽ ഹൃദയ, വൃക്ക സംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ളവർക്ക് നല്ല ചികിത്സ ലഭ്യമാക്കാൻ സഹായമാകും സിക്ക്നെസ് ബെനിഫിറ്റ് (Sickness, Extended sickness) ബെനിഫിറ്റ് തുടങ്ങിയവയ്ക്ക് ശരാശരി 70% തുക ലഭിക്കും. ഇതിന്റെ കാലാവധി 309 ദിവസം മുതൽ 3 വർഷം വരെയാണ്.

ജോലിയിൽ പ്രവേശിച്ച ദിവസം തന്നെ ജോലി സ്ഥലത്തു വച്ച് അപകടമുണ്ടായാൽ Disable Benefit ലഭിക്കുന്നതാണ്. 10 ദിവസത്തിനകം ഈ പദ്ധതിയിൽ ആ വ്യക്തിയെ ഉൾപ്പെടുത്തണം.ജോലി സ്ഥലത്തു വച്ചുണ്ടാകുന്ന അപകടത്തെത്തുടർന്ന് പിന്നീട് ഒരു ജോലിയും ചെയ്യാൻ കഴിയാത്ത അവസ്ഥയിലായാൽ ജീവിത കാലം മുഴുവൻ ഒരു നിശ്ചിത തുക Permanent Disablement ആനുകൂല്യം ലഭിക്കുന്നതാണ്. മില്ലുകളിലും മറ്റും ജോലി ചെയ്യുമ്പോൾ ഉണ്ടാകാവുന്ന Occupational Diseases കൾക്കും ചികിത്സാ സഹായം ലഭിക്കും. ജോലിയിൽ പ്രവേശിച്ച് 9 മാസങ്ങൾക്കു ശേഷം മുതൽ മെറ്റേണിറ്റി ബെനിഫിറ്റിന് അർഹതയുണ്ട്. രണ്ട് കുട്ടികൾക്ക് 26 ആഴ്ച വീതവും മൂന്നാമത്തെ പ്രസവത്തിന് 12 ആഴ്ചയും അബോർഷന് 6 ആഴ്ചയും സാമ്പത്തിക സഹായം ലഭിക്കും. തൊഴിൽ ശാലയിൽ നിന്ന് അവധിയെടുക്കുകയും ആ സമയത്ത് ഈ സ്കീമിൽ നിന്ന് ധനസഹായം ലഭിക്കുകയും ചെയ്യുന്നതാണ്.

Confinement Expense പദ്ധതിയിലെ അംഗങ്ങൾക്ക് അടിയന്തിര ചികിത്സക്ക് പ്രാദേശികമായി ഈ സംവിധാ



നമുള്ള ആശുപത്രിയില്ലെങ്കിൽ ഈ സഹായം ലഭ്യമാണ്. കൂടാതെ ശവദാഹത്തിനുള്ള (ഫ്യൂണറൽ) ചെലവ്, പുനരധിവാസ ചെലവ് കൃത്രിമ കൈകാലുകൾ ഘടിപ്പിക്കുന്നതിനുള്ള ചെലവ് എന്നിവയും ഈ പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. പത്ത് ജീവനക്കാരിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന ഏതൊരു തൊഴിൽ ദാതാവിനും ഈ പദ്ധതിയിൽ തൊഴിലാളികളെ ചേർക്കാവുന്നതാണ്.

വൈശാഖ V/s രാജസ്ഥാൻ കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ഒരു സുപ്രധാന കാര്യമാണ് എല്ലാ തൊഴിൽ ശാലകളിലും വനിതാ ജീവനക്കാർ നേരിടുന്ന ലൈംഗിക പീഡനത്തെകുറിച്ച് പരാതിപ്പെടാനും അതിനു പരിഹാരമുണ്ടാക്കാനും ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റി (ICC Internal Complaints Committee) രൂപീകരിക്കണമെന്ന നിയമം. അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളോട് പുരുഷ സഹപ്രവർത്തകരോ മേലുദ്യോഗസ്ഥന്മാരോ ജോലിക്കിടയിൽ ലൈംഗിക ചുവയോടെയുള്ള സംഭാഷണം നടത്തുക, ശാരീരികബന്ധത്തിന് പ്രേരിപ്പിക്കുക, നോട്ടത്തിലോ, വാക്കിലോ, പെരുമാറ്റത്തിലോ അശ്ലീല ചുവയുണ്ടാകുക തുടങ്ങിയവ അതിക്രമങ്ങൾക്കെതിരെ സെല്ലിൽ പരാതിപ്പെടാവുന്നതാണ്. ഈ കമ്മിറ്റി രൂപീകരിക്കാനുണ്ടായ സാഹചര്യവും ഇതിലെ വ്യവസ്ഥകളും എല്ലാ തൊഴിൽ ശാലകളിലും പരസ്യമായി പ്രദർശിപ്പിക്കണമെന്നും എല്ലാ പുരുഷ ജീവനക്കാരെയും ഇതിലെ വ്യവസ്ഥകളെക്കുറിച്ച് ബോധവാന്മാരാക്കണമെന്നുമുള്ള നിബന്ധന നിലവിലുണ്ട്. സ്ത്രീകൾക്ക് അന്തസ്സും സുരക്ഷിതത്വവും ഉറപ്പാക്കുന്ന തൊഴിൽ സ്ഥലങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഈ നിയമം നിലവിലുള്ളത്.

ഇത്രയേറെ നിയമ വ്യവസ്ഥകളും പരിരക്ഷയും നിലവിലുണ്ടെങ്കിലും ഇന്നും സാമ്പത്തിക ചൂഷണവും ലൈംഗിക ചൂഷണവും നേരിടുന്ന വനിതകളുടെ എണ്ണത്തിൽ ഗണ്യമായ കുറവില്ല. അസംഘടിത മേഖലയിലെ വനിതകൾക്ക് കൃത്യമായ ബോധവത്കരണം നൽകേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കുടുംബാംഗങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ, മക്കളുടെ പഠനം, ജോലി മുതലായവ എല്ലാവരുടേയും വെല്ലുവിളികളും പ്രതീക്ഷകളുമാണ്. സ്വപ്നം കാണുന്ന ഭാവിയിലേക്ക് നടന്നടുക്കാൻ മറ്റെല്ലാവരേയും സഹായിക്കുക എന്നത് വിദ്യാ സമ്പന്നരുടെ കർത്തവ്യം കൂടിയാണ്. മറ്റൊരു അന്താരാഷ്ട്ര വനിതാ ദിനം കടന്നു വരുന്ന ഈ സാഹചര്യത്തിൽ എല്ലാവർക്കും സമത്വ സുന്ദരമായ, സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്ന ജീവിതം സ്വന്തമാക്കാൻ നമുക്കൊരുമിക്കാം.■

# കേരളപവർ വരിക്കാരാവുക

നമ്മുടെ കേരളപവർ പ്രസിദ്ധീകരണത്തിന്റെ 50-ാം വർഷത്തിലേക്ക് കടക്കുകയാണ്. അരനൂറ്റാണ്ടു കാലം കേരളത്തിലെ വൈദ്യുതി തൊഴിലാളികളുടെ ജിഹ്വ ആയിരുന്നു ഈ പ്രസിദ്ധീകരണം. എന്നും വൈദ്യുതി തൊഴിലാളികളുടെ ആശകളും ആശങ്കകളും പ്രതീക്ഷകളും പൊതുജന സമക്ഷവും അധികാരികൾക്കുമുന്നിലും ഉയർത്തിപ്പിടിക്കുന്നതിൽ ഈ പ്രസിദ്ധീകരണം അദ്വിതീയമായ സ്ഥാനമാണ് കാത്ത് സൂക്ഷിച്ചിട്ടുള്ളത്.

50 വർഷത്തെ പ്രസിദ്ധീകരണ ചരിത്രം ഒരു സംഘടനാ മുഖമാസികയ്ക്ക് വളരെ അപൂർവ്വമായി മാത്രം അവകാശപ്പെടാനാകുന്ന ഒന്നാണ്. ഇതിനിടയിൽ വളരെ ദുർഘട ഘട്ടങ്ങളിലൂടെ കേരളപവർ കടന്ന് പോയി. അപ്പോഴെല്ലാം തൊഴിലാളി പിന്തുണയോടെ പതിന്മടങ്ങ് കരുത്തുമായി ഉയർത്തെഴുന്നേറ്റ ചരിത്രമാണ് ഈ മാസികയ്ക്കുള്ളത്.

കേരളപവറിന്റെ 2020 വർഷത്തേക്കുള്ള വാർഷിക വരിക്കാരനായി ചേരുന്നതിന് വരിസംഖ്യയായ 150 രൂപ നൽകി തുടർന്നും പിൻബലം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ**

**കേരളപവർ പ്രവർത്തകർ**

ജി.എസ്. 39/2019 06.01.2020

**ശ്രീ. എൻ.എസ്. പിള്ള, ഐ.എ & എ.എസ്**
**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**
**കെ.എസ്.ഇ.ബി.ലിമിറ്റഡ്**

വിഷയം : കരാർ തൊഴിലാളികളിൽ നിന്നും ഇലക്ട്രിസിറ്റി മസ്ദൂർമാരായി നിയമനത്തിന് യോഗ്യത നേടിയവരുടെ PSC ലിസ്റ്റിൽ നിന്നും തുടർ നിയമനം നടത്തണമെന്ന ആവശ്യം - സംബന്ധിച്ച്

സൂചന : BO FTD No. 652/2019 (EB/EW/Petty Contract Worker /25/2017 Tvpm Dated : 31.08.2019 നമ്പർ ഉത്തരവ്

സൂചന പ്രകാരം 1486 കരാർ തൊഴിലാളികൾക്ക് PSC വഴി വൈദ്യുതി ബോർഡിൽ നിയമന ഉത്തരവ് നൽകുകയുണ്ടായി. എന്നാൽ അവരിൽ 31 പേർ നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല.

ദീർഘകാലത്തെ വ്യവഹാരങ്ങളെ തുടർന്ന് പരമോന്നത നീതിപീഠത്തിന്റെ ഉൾപ്പടെ വിവിധ കോടതിവിധികളുടെ അടിസ്ഥാനത്തിൽ PSC നടത്തിയ മത്സരപരീക്ഷയിലൂടെ റാങ്ക് ലിസ്റ്റിൽ ഇടം നേടിയവരിൽ അർഹരായവർക്ക് തുടർ നിയമനങ്ങൾ നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ
**എം.പി. ഗോപകുമാർ**
ജനറൽ സെക്രട്ടറി

---

ജി.എസ്. 38/2019 06.01.2020

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

സർ,

**വിഷയം:** ഡിജിറ്റൽ പേമെന്റ് സമ്പ്രദായം ഏകപക്ഷീയമായി നടപ്പിലാക്കി 'ക്യാഷ് കൗണ്ടർ' സംവിധാനം തന്നെ ഭാവിയിൽ ഇല്ലായ്മ ചെയ്യാനുള്ള ബോർഡുത്തരവ് നടപ്പിലാക്കരുതെന്ന ആവശ്യം - സംബന്ധിച്ച്

**സൂചന:** BO (FTD) No : 964/2019 [(D&IT)/D6-AE2/Cashier/2019-20] തിരുവനന്തപുരം ആയുള്ള 28-12-2019 ലെ ബോർഡുത്തരവ്.

സൂചന പ്രകാരം 01-01-2020 മുതൽ 1500 രൂപയ്ക്കുമേൽ പ്രതിമാസ തുകയ്ക്കുള്ള ഗാർഹിക - ഗാർഹികേതര വൈദ്യുതി ബില്ലുകൾ ഡിജിറ്റൽ സമ്പ്രദായത്തിലൂടെ മാത്രമേ സ്വീകരിക്കുകയുള്ളുവെന്ന് ഉത്തരവായിട്ടുണ്ട്. ദൂരവ്യാപകമായ ഒട്ടനവധി പ്രത്യാഘാതങ്ങൾക്ക് വഴി തുറക്കുന്ന 'ഡിജിറ്റൽ പേമെന്റ്' സമ്പ്രദായം ജീവനക്കാരുടെ സംഘടനകളുമായി വേണ്ടത്ര കൂടിയാലോചന നടത്താതെ തിടുക്കത്തിൽ ഏകപക്ഷീയമായി നടപ്പിലാക്കിയ രീതി ഒഴിവാക്കപ്പെടേണ്ടതായിരുന്നുവെന്ന അഭിപ്രായം ഈ സംഘടനയ്ക്കുണ്ട്.

ഓൺലൈൻ പേമെന്റിന്റെ പേരിൽ സെക്ഷനാഫീസിലെ ഉപഭോക്തൃ സ്പന്ദന കേന്ദ്രങ്ങളായ ക്യാഷ് കൗണ്ടറുകളെ ഭാവിയിൽ ഇല്ലായ്മ ചെയ്യാനല്ല, മറിച്ച് വിവര സാങ്കേതിക വിദ്യയ്ക്ക് അനുരോധമായി അധിക സൗകര്യങ്ങൾ ക്യാഷ് കളക്ഷൻ രംഗത്ത് ഏർപ്പെടുത്തി സെക്ഷനാഫീസുകളെ ശാക്തീകരിക്കുവാനും ഉപഭോക്തൃ സൗഹൃദമാക്കുവാനുമുള്ള ഭാവനാ പൂർണ്ണങ്ങളായ പരിഷ്കാര നടപടികളാണ് പരസ്പര കൂടിയാലോചനകളിലൂടെ സമവായ നിർദ്ദേശങ്ങളായി ഉയർന്നു വരേണ്ടതും നടപ്പിലാക്കേണ്ടതുമെന്നാണ് ഈ ഫെഡറേഷന്റെ അഭിപ്രായം.

ആയതിനാൽ മാനവ വിഭവശേഷി വിനിയോഗത്തിലും ഉപഭോക്തൃ സേവന രംഗത്തും പ്രതികൂല ഫലങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കിയേക്കാവുന്ന സൂചന ഉത്തരവ് സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് സംഘടനകളുമായി അടിയന്തിര കൂടിയാലോചനയ്ക്ക് കളമൊരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മേൽ വിവരിച്ച ഗൗരവ വിഷയത്തിൽ സമവായ തീരുമാനങ്ങൾ ഉണ്ടാകുന്നതുവരെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കരുതെന്നും ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ
**എം.പി. ഗോപകുമാർ**
ജനറൽ സെക്രട്ടറി

---

**ചെയർമാൻ, കെ.എസ്.ഇ.ബി ലിമിറ്റഡ്**

സർ,

വിഷയം: കരാർ തൊഴിലാളികളിൽ നിന്നും ഇലക്ട്രിസിറ്റി വർക്കർമാരായി നിയമനം ലഭിച്ചവർക്ക് ജന്മദേശം ഉൾപ്പെടുന്ന ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന ആവശ്യം - സംബന്ധിച്ച്.

സൂചന: 1. BO FTD No. 652/2019 (EB/EW/Petty Contract Worker /25/2017 Tvpm Dated : 31.08.2019 നമ്പർ ഉത്തരവ്
2. Eb 4(a)/Promotion/EW to LM II/ 2019 Dated : 14.10.2019 നമ്പർ ഉത്തരവ്

പരമോന്നത നീതിപീഠമുൾപ്പെടെ നൽകിയ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കരാർ തൊഴിലാളികളിൽ നിന്നും പി.എസ്.സി വഴി ഇലക്ട്രിസിറ്റി വർക്കർമാരായി നിയമനം ലഭിച്ചവർക്ക് കഴിയുന്നത്ര അവരുടെ ജന്മദേശമുൾപ്പെടുന്ന ജില്ലകളിൽ തന്നെ നിയമനം നൽകിക്കൊണ്ടാണ് ഉത്തരവായത്. എന്നാൽ ചില ജില്ലകളിൽ വർക്കർമാരുടെ ഒഴിവുകൾ അവശ്യ എണ്ണം നിലവിലില്ലാതിരുന്നതിനാൽ അവരിൽ പലരേയും വിദൂര ജില്ലകളിലേക്ക് മാറ്റി നിയമിച്ച കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സൂചന 2 പ്രകാരം ഇലക്ട്രിസിറ്റി വർക്കറിൽ നിന്നും ലൈൻമാനായി പ്രമോഷൻ നൽകിയതിനെ തുടർന്ന് എല്ലാ ജില്ലകളിലും വർക്കർ തസ്തികയിൽ അനവധി ഒഴിവുകൾ നിലവിലുണ്ട്. കുറഞ്ഞ വേതനം ലഭിക്കുന്ന അടിസ്ഥാന വിഭാഗം ജീവനക്കാരിൽ ഏതാനും പേർ വാസസ്ഥലം വിട്ട് വിദൂര ജില്ലകളിൽ ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം ടി വിഭാഗം ജീവനക്കാരിൽ കടുത്ത അസംതൃപ്തിയ്ക്ക് ഇടയാക്കിയിട്ടുണ്ട്. കുറഞ്ഞ സർവീസ് കാലയളവും പ്രായവും പരിഗണിക്കുമ്പോൾ ഒഴിവുകൾ നിലവിലുള്ള ജന്മദേശമുൾപ്പെടുന്ന ജില്ലയിൽ പണിയെടുക്കണമെന്ന അവരുടെ ആവശ്യം തികച്ചും ന്യായവും നീതിയുക്തവുമാണെന്നത് വസ്തുതയാണ്. കൂടാതെ സ്വന്തം ജില്ലയിൽ പണിയെടുക്കാൻ സാഹചര്യം സൃഷ്ടിച്ചാൽ അവരുടെ കർമ്മശേഷി പതിന്മടങ്ങ് ഉപയുക്തമാക്കാൻ കഴിയുമെന്ന കാര്യവും ഉറപ്പാണ്.

വിവരിച്ച സാഹചര്യത്തിൽ നീതി ഉറപ്പുവരുത്തേണ്ട അടിസ്ഥാന വിഭാഗം തൊഴിലാളികൾക്ക് സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിന് അടിയന്തിര നിർദേശം നൽകണമെന്ന് ആവശ്യപ്പെടുന്നു

വിശ്വസ്തതയോടെ
**എം.പി ഗോപകുമാർ**
**ജനറൽ സെക്രട്ടറി**

# ഒരേ തൂവൽ പക്ഷികൾ

നമ്മുടെ റിപ്പബ്ലിക് ഡേ പരേഡ് ഈ വർഷം വീക്ഷിച്ച മുഖ്യാതിഥി ബ്രസീലിയൻ പ്രസിഡന്റ് ജെയർ ബാൽസനാരോ ആയിരുന്നു. ബ്രസീലിലെ തീവ്ര വലതുപക്ഷക്കാരനായ പ്രസിഡന്റിനെ ഇന്ത്യയിലേക്ക് ഇപ്പോൾ വിളിച്ച് വരുത്തിയത് തികച്ചും യാദൃശ്ചികമായാണോ എന്ന് സംശയിക്കുന്നവർ ഏറെയാണ്. ഇന്ത്യയും ബ്രസീലും തമ്മിലുള്ള വാണിജ്യ വിപുലീകരണമാണ് മുഖ്യലക്ഷ്യമെന്ന് ഗവൺമെന്റ് വരുത്തി തീർക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതു മാത്രമാണോ ഈ ചങ്ങാത്തതിന് പിന്നിൽ എന്ന് ബ്രസീലിലെ ആനുകാലിക സംഭവങ്ങൾ വീക്ഷിക്കുന്നവർക്ക് ന്യായമായും സംശയം ജനിക്കാം.

ബാൽസനാരോയുടെ പ്രിയപ്പെട്ട സാംസ്ക്കാരിക വകുപ്പ് മന്ത്രി റോബർട്ടോ ആൽവിമ് അടുത്തകാലത്ത് രാജി വച്ചിരുന്നു. 6 മിനിട്ട് ദൈർഘ്യമുള്ള അദ്ദേഹത്തിന്റെ ഒരു വീഡിയോ സന്ദേശമാണ് രാജിയിലേക്ക് നയിച്ച വിവാദങ്ങൾക്ക് തിരികൊളുത്തിയത്. ദേശീയ കലയെക്കുറിച്ചും, സാംസ്ക്കാരിക കാഴ്ചപ്പാടിനെക്കുറിച്ചും അദ്ദേഹം നൽകിയ സന്ദേശം ഹിറ്റ്ലറുടെ പ്രചാരണ വിഭാഗം മേധാവി ജോസഫ് ഗീബൽസിന്റേതായിരുന്നു. ഗീബൽസിന്റെ വരികളിൽ ജർമ്മനി എന്നതിന് പകരം ബ്രസീലിനെ പ്രതിഷ്ഠിക്കുക മാത്രമാണ് ആൽവിമിൻ ചെയ്തത്. മാത്രമല്ല നാസികൾ ജർമ്മൻ സംഗീതത്തിന്റെ ഉദാത്ത മാതൃകയായി എടുത്ത് കാട്ടിയ വാഗ്നറുടെ സംഗീതമാണ് അതിന് പശ്ചാത്തലമായി ഒരുക്കിയത്. ഞെട്ടിപ്പിക്കുന്ന ഈ നാസി അനുകരണം ബ്രസീലിൽ വലിയ കോലഹലമാണ് സൃഷ്ടിച്ചത്.



ബ്രസീലിയൻ പ്രസിഡന്റ് തന്റെ സാംസ്ക്കാരിക മന്ത്രിയെ തള്ളി പറഞ്ഞെങ്കിലും ആകസ്മികമായി സംഭവിച്ച ഒരു സാമ്യം എന്നാണ് സന്ദേശത്തെ ന്യായീകരിച്ചത്. എന്നാൽ നാസികളുടെ പ്രചരണ വാക്യങ്ങൾ ബ്രസീലിയൻ വലതുപക്ഷം ചെറിയ മാറ്റങ്ങളോട് കൂടി സ്വീകരിക്കുന്നത് ഇതാദ്യമായല്ല. നാസികൾ ജൂതർ എന്ന പ്രയോഗം നടത്തിയിടത്ത് കമ്മ്യൂണിസ്റ്റ്, ഇടതുപക്ഷം എന്നൊക്കെ പ്രയോഗിച്ച്കൊണ്ട് ഗവൺമെന്റിന്റെ ചെയ്തികളെ ന്യായീകരിക്കുന്നത് പതിവാണത്രെ.

ബാൽസനാരോയുടെ ബ്രസീലിയൻ ഗോത്രവിഭാഗങ്ങളോടുള്ള നിലപാടും കുപ്രസിദ്ധമാണ്. അവരെ മനുഷ്യരായി കണക്കാക്കാൻ പോലും അദ്ദേഹം തയ്യാറല്ല. അവരെയെല്ലാം നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ കൊന്ന് തള്ളേണ്ടതായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഏറ്റവും ഒടുവിൽ അദ്ദേഹം നടത്തിയ ഒരു പരാമർശം ഇങ്ങനെയാണ്. ‘‘അവർ തീർച്ചയായും മാറുകയാണ്... അവർ നമ്മളെപ്പോലെ മനുഷ്യരായി ക്രമേണ മാറുകയാണ്’’’, ബ്രസീൽ പ്രസിഡന്റിന്റെ സ്ത്രീ വിരുദ്ധ ഭിന്നലിംഗ വിരുദ്ധ പരാമർശങ്ങളും കുപ്രസിദ്ധമാണ്.

മുൻ ബ്രസീലിയൻ പ്രസിഡന്റ് ലുലയെ പ്രോസിക്യൂട്ടറുമാരുമായി ഒത്ത് കളിച്ച് അഴിമതി കേസ്സിൽ കുരുക്കിയ സെർജിയോ മോറൊ എന്ന ജഡ്ജിയാണ് ബാൽസനാരോയുടെ ന്യായ വകുപ്പ് മന്ത്രി. 2018 ലെ ബ്രസീൽ തെരഞ്ഞെടുപ്പിൽ ലുലയുടെ നേതൃത്വത്തിൽ ഇടത്പക്ഷം നിഷ്പ്രയാസം കടന്ന് കയറുമെന്ന് അഭിപ്രായ സർവ്വേകൾ സൂചിപ്പിച്ചിരുന്ന കാലയളവിലാണ് ഓപ്പറേഷൻ കാർ വാഷ് എന്നറിയപ്പെടുന്ന ഗൂഢാലോചനയിലൂടെ മോറൊ കാര്യങ്ങളെ തകിടം മറിച്ചത് പ്രോസിക്യൂട്ടർമാർക്ക് നിർദേശങ്ങളും അഭിപ്രായങ്ങളും, വിമർശനങ്ങളും, ഉപദേശങ്ങളും ഒക്കെ വാരിച്ചൊരിഞ്ഞ് കേസ്സിന്റെ ഗതി നിർണ്ണായകമായി തിരിച്ച് വിട്ടുവെന്ന് ബ്രസീലിലെ വലതുപക്ഷ മാധ്യമങ്ങൾപ്പോലും വിമർഷം ഉന്നയിക്കുന്നു. എന്നാൽ പ്രസിഡന്റ് തന്റെ മന്ത്രിയെ തള്ളിപ്പറയാൻ ഇതുവരെയും തുനിഞ്ഞിട്ടില്ല.

ഇത്തരമൊരു ഭരണാധികാരിയെ റിപ്പബ്ലിക് ഡേ പരേഡിൽ മുഖ്യാതിഥിയായി ക്ഷണിച്ച് വരുത്തി സൗഹൃദം ഊട്ടി ഉറപ്പിച്ചത് കേവലം യാദൃശ്ചികതയാണോ... സായിപ്പ് പറഞ്ഞത് പോലെ Birds of a feather flock together■

# ദേശീയ പണിമുടക്ക് – സംയുക്ത ട്രേഡ് യൂണിയൻ പ്രചരണ ജാഥ




**പുനലൂർ:** എം.പി. ഗോപകുമാർ സംസാരിക്കുന്നു






**തിരുവനന്തപുരം:** തെക്കൻമേഖലാ ജാഥാ സമാപനയോഗം വർക്കേഴ്സ് ഫെഡറേഷൻ തിരുവനന്തപുരം ജില്ലാ കൗൺസിലിന്റെ അഭിവാദ്യ പ്രകടനം




സംയുക്ത ട്രേഡ് യൂണിയൻ സമിതി തൃശൂർ ജില്ലാ കൺവെൻഷൻ സ: എ.എൻ. രാജൻ ഉദ്ഘാടനം ചെയ്യുന്നു.






ദേശീയ പണിമുടക്ക് – സംയുക്ത ട്രേഡ് യൂണിയൻ സമരകേന്ദ്രം കൊല്ലം: ഉദ്ഘാടനം – സ: ജെ. ഉദയഭാനു, എഐടിയുസി സംസ്ഥാന പ്രസിഡന്റ്; അഭിവാദ്യം: സ: എം.പി. ഗോപകുമാർ, എഐടിയുസി സംസ്ഥാന സെക്രട്ടറി





ദേശീയ പണിമുടക്ക് – സംയുക്ത ട്രേഡ് യൂണിയൻ പ്രചരണ ജാഥയ്ക്ക് സ്വീകരണം

WITH BEST COMPLIMENTS FROM



# GMG
## *e l e c t r i c*

WHOLESALE SUPPLIER OF SAFETY GOODS, AUTHORISED DISTRIBUTOR FOR KARAM BRAND OF HELMETS, FULL BODY SAFETY BELT, WORK POSITION BELT, ADJUSTABLE LANYARD, SAFETY SHOES, TAPARIA HAND TOOLS

LT AND HT EARTH DISCHARGE ROD, LT AND HT SHORTING CLIP SETS,

LINE MATERIALS (ANGLE AND CHANNEL CROSS ARM SETS, PORCELAIN AND COMPOSITE INSULATORS, STAY RODS, PACKING CLAMP, HARDWARES LIKE GI, BRASS AND STAINLESS STEEL BOLTS AND NUTS, FUSE WIRE ALL AMPERAGES, CABLE SOCKETS 50-240SQMM, CABLE JOINTING KITS ETC.

Call us on 9495260770 or 9847050770

Address:
66/3506, Jos Trust Building,
Chittoor road, Kochi 682035

KERALA POWER JANUARY 2020
Reg.No.17125/1970 | KL/TV(N)/21/2018-20 Published on 27th January 2020
₹ 15

2020
ഫെബ്രുവരി
18

# വൈദ്യുതി ഭവൻ മാർച്ച്

## ഉദ്ഘാടനം – സ: കെ.പി. രാജേന്ദ്രൻ

### എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി



- ശമ്പള പരിഷ്ക്കരണ നടപടികൾ ആരംഭിക്കുക
- ഒഴിവുകൾ നികത്തുക, പ്രമോഷനുകൾ നടത്തുക
- പെൻഷൻ പ്രായം വർധിപ്പിക്കുക
- പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക
- അപ്രായോഗിക പെൻഷൻ ഫണ്ട് സമ്പ്രദായം പിൻവലിക്കുക
- ക്വാട്ടാ പ്രമോഷൻ സമ്പ്രദായം അട്ടിമറിക്കരുത്
- തസ്തികകൾ വെട്ടിക്കുറയ്ക്കരുത്
- ഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുക
- കരാർ വ്യവസ്ഥകൾ നടപ്പിലാക്കുക

## കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ
## AITUC

Edited, Printed & Published by M.P. Gopakumar on behalf of Kerala Electricity Workers Federation, Thiruvananthapuram-695014
Phone : 0471-2329221. Printed at Sujilee Printers, Chathannoor